# പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


ഡിസംബർ
2011



# പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ



പ. ബസേലിയോസ് ഗീവർഗീസ്
പ്രഥമൻ കാതോലിക്കാ ബാവ
(83 – ാം ഓർമ്മ,
ഡിസംബർ 17 വള്ളിക്കാട്ട്
ദയറായിൽ )



പ. ബസേലിയോസ് ഔഗേൻ
പ്രഥമൻ കാതോലിക്കാ ബാവ
(36 – ാം ഓർമ്മ,
ഡിസംബർ 8
ദേവലോകം അരമനയിൽ )

# പ്രദീപ്തി

വാല്യം : 12 ലക്കം : 12 ഡിസംബർ 2011





മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ
പുത്തൻകുരിശ് - 682 308
pradeepthi2002@gmail.com


## ദളങ്ങളിൽ


**2** പത്രാധിപക്കുറിപ്പ്
**ക്രിസ്തുമസ് ദിന ചിന്തകൾ**

**3** ഇടയസന്ദേശം
**ദൈവഭക്തിയും ജ്ഞാനവും** (തുടർച്ച)
ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

**5** ആരാധനാ വിജ്ഞാനീയം
**സുറിയാനി ആരാധനാ പാരമ്പര്യത്തിൽ വെളിവാകുന്ന സഭയുടെ ഏകത**
ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്ത

**7** കവിത
**താരാട്ടു പാട്ട്**
ജോർജ്ജുകുട്ടി ചെമ്മനം

**8** സന്യാസം
**സന്യാസ പ്രസ്ഥാനത്തിന് ഒരാമുഖം – 2**
ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

**12** പഠനം
**1653 ലെ കൂനൻ കുരിശുസത്യം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭാഗത്തുനിന്നുള്ള പ്രതിപതനങ്ങൾ – 2**
ഫാ. ഡോ. റ്റി. ഐ. വർഗീസ്

**15** **പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ 1976 – 1983**

**18** **മാർ അപ്രേമിന്റെ പ്രാർത്ഥനകൾ**

**19** ആനുകാലികം
**രാഷ്ട്രീയ രംഗത്ത് സഭയുടെ ഭാഗഭാഗിത്വം – 2**
വെരി.റവ. പി.യു. കുര്യാക്കോസ് കോറെപ്പിസ്കോപ്പ






## പത്രാധിപസമിതി

അദ്ധ്യക്ഷൻ
**അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത**

ഉപ അദ്ധ്യക്ഷൻ
**റവ. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്**

പ്രധാന പത്രാധിപർ
**റവ. ഫാ. ജോസ് തോമസ് പൂവത്തുങ്കൽ**

നിർവ്വാഹക പത്രാധിപർ
**റവ. ഫാ. റ്റി.പി. കുര്യൻ തളിയച്ചിറ**

ഉപ പത്രാധിപർ
**റവ. ഫാ. സി.എം. കുര്യാക്കോസ്**
**റവ. ഫാ. വർഗീസ് പി. വർഗീസ്**

പ്രസാധകൻ
**റവ. ഫാ. ഡോ. ഒ.പി. വർഗീസ്**

പ്രചാരകൻ
**റവ. ഫാ. അബ്രാഹാം കെ. ജോൺ**

കാര്യദർശി
**ശ്രീ. ജിത്തു മാത്യു, ഐക്കരക്കുന്നത്ത്**



| | |
|---|---|
| ഒറ്റപ്രതി | - 10 രൂപ |
| വാർഷികം | - 100 രൂപ |
| 10 വർഷം | - 1000 രൂപ |



## ഉപദേശകസമിതി

വെരി. റവ. ഫാ. പി.യു. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ
റവ. ഫാ. ഡോ. റ്റി.ജെ. ജോഷ്വ
റവ. ഫാ. ഡോ. കെ.എം. ജോർജ്ജ്
റവ. ഫാ. ഡോ. ജേക്കബ് കുര്യൻ
റവ. ഫാ. ഡോ. റ്റി.പി. ഏലിയാസ്
റവ. ഫാ. സി.എം. കുര്യാക്കോസ്
റവ. ഫാ. അബ്രാഹാം പാലപ്പിള്ളിൽ
റവ. ഫാ. ജേക്കബ് കുര്യൻ ചെമ്മനം
റവ. ഫാ. ജോൺ വർഗീസ്
ശ്രീ. ചെമ്മനം ചാക്കോ
ശ്രീ. വർഗീസ് കരിപ്പാടം



# 'ക്രിസ്തുമസ് ദിന ചിന്തകൾ'

ഒരു യുവാവ് കാടത്തത്തിന്റെയും സംസ്കാര ശൂന്യതയുടെയും പാതയിലൂടെ ഓടിക്കൊണ്ടിരിക്കുകയായിരുന്നു. ദൈവം അയാളുടെ പിന്നാലെയെത്തി. ദൈവവും ആ യുവാവും തമ്മിൽ കൂട്ടിമുട്ടി. അതോടെ അയാൾ ഒരു പുതിയ മനുഷ്യനായിത്തീർന്നു. അനിതര സാധാരണമായ സന്തോഷം അയാളുടെ ജീവിതത്തിലുണ്ടായി. ഇതിന്റെ രഹസ്യമെന്താണെന്ന് ആരോ അയ്യാളോടു ചോദിച്ചു. അതിന് അയാൾ നല്കിയ മറുപടി: "ഞാൻ എന്റെ പങ്കു ചെയ്തു. ദൈവത്തിന്റെ പങ്കു ദൈവവും ചെയ്തു".

"താങ്കളുടെ പങ്ക് എന്തായിരുന്നു? ഒന്നു വിശദീകരിക്കാമോ"? അപരൻ ചോദിച്ചു. "ദൈവത്തിൽ നിന്നു ഓടി അകലുകയാണ് ഞാൻ ചെയ്തത്. ദൈവമാകട്ടെ എന്റെ പിന്നാലെ ഓടി എത്തി" ആ യുവാവ് പറഞ്ഞു. ഹന്നാ വിറ്റാൾ സ്മിത്ത് തന്റെ "ദ ഗോഡ് ഓഫ് ഓൾ കംഫർട്ട്" എന്ന ഗ്രന്ഥത്തിലാണ് രസകരമായ ഈ സംഭവം വിവരിക്കുന്നത്. ഇപ്രകാരം ദൈവത്തിൽ നിന്ന് ഓടി അകന്നവരുടെ പിറകെ ഓടി എത്തിയ ദൈവമാണ് യേശുക്രിസ്തു. ഇങ്ങനെ ഓടി എത്തിയ പ്രക്രിയയായിരുന്നു ദൈവപുത്രന്റെ ജഢാവതാരണം.

അലക്സന്ത്രിയായിലെ വി. അത്താനാസ്യോസിന്റെ ഭാഷയിൽ God became man so that we might be made God എന്ന് അതിനെ മനോഹരമായി വിവരിച്ചിരിക്കുന്നു.

അതിന്റെ പ്രഖ്യാപനമാണ് വി. മത്തായി തന്റെ സുവിശേഷത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത്. ദൂതൻ അവരോട് ഭയപ്പെടേണ്ട; "സർവ്വ ജനത്തിനും ഉണ്ടാവാനുള്ളൊരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു" (മത്തായി 2:10)

രണ്ടായിരം വർഷങ്ങൾക്കു മുൻപ് ബേത്‌ലഹേമിൽ പ്രഘോഷിക്കപ്പെട്ട ആ മഹാ സന്തോഷം ലോകമെമ്പാടും ആഘോഷിക്കുകയാണ്. ക്രിസ്തുമസ് മംഗളാശംസകൾ അന്യോന്യം കൈമാറുന്നു. കരോളും അതിനോടുബന്ധിച്ചുള്ള ചടങ്ങുകളും മുടക്കം വരാതെ നടത്തുന്നു. പട്ടിണിയും യുദ്ധവും മരണത്തിലേക്ക് നയിക്കുന്ന മാറാരോഗങ്ങളും കൊണ്ട് ഇന്ന് ഭീതിയും അരാജകത്വവും അരക്ഷിതാവസ്ഥയും നിറഞ്ഞ ലോകത്തിൽ എന്തു സന്തോഷം? ക്രിസ്തുവിന്റെ സാന്നിദ്ധ്യമില്ലാതെ ഇരുളടഞ്ഞ കിടങ്ങുകളിൽ കഴിഞ്ഞുകൊണ്ട് നടത്തുന്ന ഈ ആഘോഷങ്ങൾക്ക് എന്തു സജീവത്വമാണുള്ളത്?

ഒരിക്കൽ ആഫ്രിക്കയിൽ നിന്നു ഭാരതത്തിലേക്ക് യാത്ര ചെയ്തുകൊണ്ടിരിക്കുന്ന ഗാന്ധിജിയോട് ക്രിസ്തുമസ് സന്ദേശം നല്കണമെന്നാവശ്യപ്പെട്ട സഹയാത്രികരോട് "ക്രിസ്തുമസ് എന്നു പറഞ്ഞാൽ ഒരു കൈയ്യിൽ മദ്യകുപ്പിയും മറ്റേകൈയ്യിൽ മാംസവുമായിരിക്കുന്ന ഒരാളിന്റെ ചിത്രമാണ് തന്റെ മനസ്സിൽ ആദ്യമായി ഓർമ്മ വരുന്നത്" എന്ന് പറയുകയുണ്ടായി. വിലകുറഞ്ഞതും തരംതാണതുമായ മതാനുഭവമാണ് ഈ ചിത്രമുണ്ടാകുവാൻ കാരണം. ഇന്നത്തെ ആഘോഷങ്ങളുടെ ഭാവവും വ്യത്യസ്തമാകുവാൻ വഴിയില്ലല്ലോ?

*ക്രിസ്തുവിന്റെ ഏറ്റവും അടുത്ത ആളുകളായി ചമയുന്നവർ*

*ദൈവപുത്രൻ ഉപദേശിച്ച സർവ്വലോക*

*സാഹോദര്യംഎന്ന ഉദാത്ത ദർശനത്തെ അവഗണിച്ച്*

*സ്വർഗ്ഗ രാജ്യത്തിന്റെ കുത്തകാവകാശികളായി ഇതരമതസ്ഥരെയും തങ്ങളുടെ പക്ഷം ചേരാത്തവരെയും പാപികളെ എന്നു വിളിച്ച് സ്വയം വിശുദ്ധരായി പ്രഖ്യാപിക്കുന്നു.* ഇതിലൂടെ എന്തു സന്ദേശമാണ് ലോകത്തിനു നല്കുവാൻ കഴിയുന്നത്?

എന്നാൽ ക്രിസ്തുവിന്റെ മനുഷ്യസ്നേഹം മാനവസംസ്കാരത്തിന്റെ പരിണാമത്തിൽ സുപ്രദാനമായ പങ്കു വഹിച്ച അദ്ധ്യാത്മശക്തിയാകുന്നുവെന്ന സത്യം ഉൾക്കൊണ്ട് അത് സ്വജീവിതത്തിൽ പകർത്തിയെങ്കിലേ ഈ ക്രിസ്തുമസ് അർത്ഥവത്താകുകയുള്ളൂ. ഇത്തരുണത്തിൽ നമ്മുടെ ആത്മീയ ജീവതവുമായി ബന്ധപ്പെട്ട ചിന്തകൾ ഓർമ്മിക്കുവാനുള്ള സുവർണ്ണാവസരമാണിത്.....

1. ആത്മീയ ജീവിതത്തിനായുള്ള ആഹ്വാനത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് നമ്മെ മുഴുവനായും ദൈവത്തിന്റെ ഇച്ഛക്കു വിധേയമാക്കുക.
2. സ്വന്തഗുണം മാത്രം നോക്കാതെ അപരന്റെ നന്മയും കാംക്ഷിക്കണം
3. ക്രിസ്തുവിന്റെ ത്യാഗം മാതൃകയാക്കി സഹജീവികളോടും സമസൃഷ്ടികളോടും ഭൂതദയയോടുകൂടി പ്രവർത്തിക്കുക.
4. സ്വർഗ്ഗരാജ്യത്തിന്റെ നിർമ്മാണത്തിൽ നാമും പങ്കാളികളായി ക്രിസ്തുവിന്റെ ദൗത്യം പൂർത്തീകരിക്കുക.

പൂവത്തുങ്കലച്ചൻ

❍

# ദൈവഭക്തിയും ജ്ഞാനവും (തുടർച്ച)

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ

## വി.മാമ്മോദീസയിലൂടെ ദൈവജ്ഞാനം

ജനിച്ചുവീഴുന്ന തന്റെ കുഞ്ഞിനെ എടുത്ത് ആശ്ലേഷിക്കുവാൻ വ്യഗ്രതപ്പെട്ട് കൈനീട്ടുന്ന അതിന്റെ അമ്മയുടെ വൈകാരിക അനുഭവമാണ് വി. മാമ്മോദീസായിൽ കൂടി സഭയിൽ പിറക്കുന്ന ഓരോ വ്യക്തിയെയും തന്റെ കൈകൾ നീട്ടി ആശ്ലേഷിക്കുകയും ദൈവകൃപയുടെയും സ്നേഹത്തിന്റെയും ചുടുചുംബനം കൊടുക്കുകയും ചെയ്യുന്ന ദൈവത്തിനുമുള്ളത്. ഈ ദൈവിക സ്നേഹമാണ് വി. മാമ്മോദീസായുടെ അടിസ്ഥാനം. ശിശുക്കളെ മാമോദീസാ മുക്കുമ്പോൾ എന്താണവിടെ നടക്കുന്നത് എന്ന് അവർ അറിയുന്നില്ലെങ്കിലും ഈ ദൈവസ്നേഹം അവർക്ക് ലഭിക്കുന്നു. നാം ദൈവത്തെ അറിയുകയോ സ്വീകരിക്കുകയോ സ്നേഹിക്കുകയോ ചെയ്യുന്നതിനു മുമ്പ് ദൈവം നമ്മെ അറിയുകയും സ്നേഹിക്കുകയും ആയിരുന്നുവല്ലോ. ആ ദൈവപ്രക്രിയ ഇപ്പോഴും ദൈവസൃഷ്ടിയായി ജനിക്കുന്ന ഓരോ ശിശുവിനും ലഭിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ മാമോദീസ്സാ ഏൽക്കുന്നതിന് ഒരു വ്യക്തി ബൗദ്ധീകതലത്തിൽ അത് അറിയാനുള്ള പ്രായം ആകേണ്ടത് ആവശ്യമാണെന്നു പറയുന്നത് ദൈവകൃപ മനുഷ്യന്റെ ബുദ്ധിയെ ആശ്രയിച്ചിരിക്കുന്നു എന്ന തെറ്റായ നിഗമനത്തിൽ ആണ്. ദൈവകൃപ നമ്മുടെ ഒരു പ്രവർത്തനത്തെയും ആശ്രയിച്ചല്ല ഇരിക്കുന്നത്. അത് ദൈവത്തിന്റെ സ്നേഹത്തിൽ നിന്നുള്ള ദാനമാണ്. ശിശുക്കളെ നാം മാമോദീസായ്ക്കു കൊണ്ടുവരുന്നത് അവർ വിശ്വസിക്കുന്നതുകൊണ്ടല്ല മറിച്ച് വിശ്വസിക്കേണ്ടതിനാണ്. വിശ്വാസത്തിന്റെ വിത്ത് മനുഷ്യാത്മാവിൽ നടുന്നതാണ് വി. മാമ്മോദീസാ. ക്രിസ്തീയ വിശ്വാസത്തിന്റെ പരിചരണമാകുന്ന വെള്ളവും വളവും ഒരു ക്രിസ്തീയ കുടുംബത്തിൽ നിന്നു ലഭിച്ച് അത് വളർന്ന് ഒരു പക്വതയുള്ള ക്രിസ്ത്യാനിയായിത്തീരുകയാണ്. അപ്രകാരം ഒരു ശിശുവിനെ ദൈവസ്നേഹവും പരിശുദ്ധാത്മകൃപയും പ്രാപിക്കുവാൻ വേണ്ടിയുള്ള സമർപ്പണമാണ് വി. മാമ്മോദീസായിൽ കൂടി നടക്കുന്നത്. അത് അവർക്ക് ലഭിക്കുന്ന ഒരു വലിയ നിക്ഷേപമാണ്. അത് അവർക്ക് നിഷേധിക്കുന്ന മാതാപിതാക്കൾ വളരെ വലിയ ക്രൂരതയാണ് അവരോട് ചെയ്യുന്നത്. ശിശുസ്നാനം എന്ന വിഷയത്തെക്കുറിച്ച് പിന്നീട് സവിസ്തരം പ്രതിപാദിക്കാം.

**1. എന്താണ് മാമ്മോദീസ?**

പരിശുദ്ധ സഭയുടെ കൂദാശകളിൽ ഒന്നാം സ്ഥാനത്ത് വി. മാമ്മോദീസ നില്ക്കുന്നു. യേശുക്രിസ്തു സ്ഥാപിച്ചതാണ് ഈ കൂദാശ. ദൈവരാജ്യകൃപ അനുഭവിക്കുന്നതിനും ദൈവസംസർഗ്ഗം വളരെ ശക്തമായി നിലനിർത്തുന്നതിനും സഭയിലേക്കുള്ള പ്രവേശന കവാടമാണ് മാമ്മോദീസ.

"കർത്താ തന്നൊടു സംസാരിക്കേണ്ടുന്നവനെല്ലാം
സഭയുൾപൂകട്ടെയിതാ താനതിൽ മേവീടുന്നു".

എന്ന് ക്യംതായുടെ രാത്രി നമസ്കാരം ഒന്നാം കൗമായിൽ നാം ചൊല്ലുന്നുണ്ടല്ലോ. ഈ സംസർഗ്ഗത്തിലേക്കു നാം വരുന്നതോടെ നാം പാപത്തിൽ നിന്ന് ശുദ്ധീകരിക്കപ്പെടുകയും നാം ക്രിസ്തുവിന്റെ സ്വന്തപുത്രരും പുത്രികളുമായിത്തീരുകയും അവന്റെ ധനമാകുന്ന ആത്മീയ നൽവരങ്ങൾക്കു അവകാശികളായീത്തീരുകയും ചെയ്യുന്നു. ദൈവരാജ്യപ്രവേശനത്തിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു വ്യവസ്ഥയാണ് വി.മാമ്മോദീസ. പുതുതായി ജനിച്ചില്ലയെങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല. (യോഹ. 3.3) ക്രിസ്തുവിന്റെ ശരീരമായ സഭയോട് വി. മാമ്മോദീസാമൂലം ഒട്ടിച്ചേർക്കപ്പെടുന്നതായ നാം (റോമ. 11.17 - 24) ക്രിസ്തുവിന്റെ മരണത്തിലും കബറടക്കത്തിലും ഉയിർത്തെഴുന്നേൽപ്പിലും പങ്കാളികളായിത്തീരുന്നു. (റോമ. 6.3 - 5) മാത്രമല്ല രക്ഷാജീവിതത്തിന്റെ പുതുക്കത്തിൽ നടക്കുകയും ചെയ്യുവാനുള്ള ശുശ്രൂഷയാണ് വി. മാമ്മോദീസാ (റോമ. 6.4). അതുമൂലം വി. മാമ്മോദീസ ഏറ്റവരെല്ലാവരും ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളായി പരസ്പരം ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നവരായിത്തീരും. ക്രിസ്തുവിന്റെ കാണപ്പെടുന്ന അവയവങ്ങളായി മാമ്മോദീസായേറ്റ ഓരോരുത്തരും ആയിത്തീർന്ന് ക്രിസ്തുവിനെ യഥാർത്ഥമായി പ്രതിഫലിപ്പിക്കുന്നവരാകുന്ന ലോകചരിത്രത്തിലെ നിർണ്ണായക സാക്ഷികളാവുകയാണ്. ഇക്കാര്യത്തിന് പ്രതിജ്ഞയെടുക്കുന്ന ഓരോ വ്യക്തിയും ക്രിസ്തുവുമായുള്ള അഭേദ്യ ഐക്യത്തിന്റെ ഉടമ്പടിയിൽ ഒപ്പുവയ്ക്കുന്നു.

## 2. പദപരിചയം

"റ്റാബാൽ" എന്ന എബ്രായ പദത്തിന് നനയ്ക്കുക, മുങ്ങുക, മുക്കുക എന്ന് പഴയനിയത്തിൽ കാണുന്നു. (പുറ. 12-22, ലേവ്യ. 14.6, 16, 51, 17; സംഖ്യ. 19.18; ആവ. 33.24; റൂത്ത് 2.14; 2 രാജ 5.14; ജൂഡിത്ത് 12.17; ഏശ. 21.4; ബാറാസീറ. 34.25) പുതിയ നിയമത്തിൽ "ബാപ്റ്റയിൻ" എന്ന ഗ്രീക്കു പദത്തിന് നനയ്ക്കുക, മുക്കുക, തളിയ്ക്കുക, കുളിയ്ക്കുക, കഴുകുക എന്നീ അർത്ഥതലങ്ങളുണ്ട്. (ലൂക്കോ. 16.24, 11.38; യോഹ. 1326, 13.10; മർക്കോ. 7.4; വെളിപ്പാട് 19.13 ) രണ്ടു വാക്യങ്ങളിൽ യേശു അനുഭവിക്കുവാൻ പോകുന്ന കഷ്ടതകളെക്കുറിച്ച് (മർക്കോ. 10.38, ലൂക്കോ. 12.50) സ്നാനം എന്ന വാക്ക് ഉപയോഗിക്കുന്നു. ആത്മശുദ്ധീകരണത്തിന്റെ അടയാളമായി "മുങ്ങൽ" എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു. (മത്താ. 3.11; മർക്കോ. 1.4; യോഹ. 1.25; യോഹ. 3.23, 26; 4.1; 1 കോരി.1.14, 16) ആചാരപ്രകാരമുള്ള കഴുകൽ (മർക്കോ. 7.4,8; എബ്രാ. 9.10; 6.2) എന്നും കാണുന്നു.

## 3. യോഹന്നാൻ സ്നാപകന്റെ സ്നാനം

യോഹന്നാൻ സ്നാപകൻ കഴിപ്പിച്ച മാനസാന്തര സ്നാനം (മത്താ. 3.7, 21.25, മർക്കോ. 11.30; ലൂക്കോ. 7.29, 20.4; അപ്പോ. 1.21, 10.37; 18.25) പാപങ്ങളിൽ നിന്ന് മുക്തമാക്കുന്നതിന്റെ അടയാളമായും ഈ പദം ഉപയോഗിച്ചു. ആത്മീക സ്നാനത്തെക്കുറിച്ച് പ്രവാചകന്മാർ വിചാരിച്ചതുപോലെ യോഹന്നാൻ സ്നാപകനും വിചാരിച്ചു എന്നുകാണക്കാക്കാം. (ഏശാ. 1.16; ഹെസ. 36.25; സഖരി. 13.1). ഇതര മതങ്ങളിൽ നിന്നും യഹൂദമതം സ്വീകരിക്കുന്നവർ വിഗ്രഹാരാധനയാലും മറ്റു ജാതീയ ജീവിതശൈലിയാലുള്ള അശുദ്ധിയിൽ നിന്നും മാറി ന്യായപ്രമാണത്താലുള്ള ശുദ്ധീകരണം പ്രാപിക്കുന്ന സമൂഹത്തിലേക്ക് പരിഛേദന ഏറ്റുചേരുന്നതിനു മുമ്പുതന്നെ അവരുടെ മുൻ ജീവിതശൈലികളിൽ നിന്ന് അവരെ കഴുകി എടുക്കുന്നതിന്റെ അടയാളമായി യഹൂദന്മാർ നടത്തിയിരുന്ന മതപരിവർത്തന സ്നാനം (Proselyt Baptism) വി. യോഹന്നാൻ സ്നാപകനും ദൈവരാജ്യത്തിനു വേണ്ടി മാനസാന്തര സ്നാനത്തിന്റെ കർമ്മ പരിപാടിയാക്കിയതാണ്. എന്നാൽ ഇത് വെറും അടയാളമായിരുന്നില്ല, പ്രത്യുത പാപമോചനം പ്രാപിച്ച് ദൈവരാജ്യത്തെ കാത്തിരിക്കുവാനുള്ളതായിരുന്നു. (മർക്കോ.1.4, ലൂക്കോ. 3.3, അപ്പോ. 13.24, 19.4) മാത്രമല്ല, തന്റെ സ്നാനം കുറവുള്ളതാകയാൽ മശിഹായുടെ സ്നാനത്താൽ പൂർണ്ണത പ്രാപിക്കുവാൻ യോഹന്നാൻ സ്നാപകൻ ജനത്തെ ഉപദേശിക്കുകയും ചെയ്തു (മർക്കോ. 1.8).

## 4. മാമ്മോദീസാ സ്ഥാപനം

യേശുക്രിസ്തു മാമ്മോദീസായുടെ സ്ഥാപനത്തിന് മുമ്പ് തന്നെ "പുതുതായി ജനിച്ചില്ലായെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ആർക്കും കഴിയുകയില്ലായെന്നും" അത് "വെള്ളത്താലും ആത്മാവാലുമുള്ള ജനനമാണെന്നും" (യോഹ. 3.3-6) നിക്കോദീമോസിനെ പഠിപ്പിക്കുന്നതുവഴി മാമ്മോദീസ രക്ഷക്കുള്ള അടിസ്ഥാന ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുത്തുന്നു. എന്നാൽ യേശുക്രിസ്തു തന്റെ പന്ത്രണ്ടു അപ്പോസ്തലന്മാരെയോ എഴുപത് അറിയിപ്പുകാരെയോ ദൈവരാജ്യം പ്രസംഗിക്കുവാൻ അയയ്ക്കുമ്പോൾ വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുവാൻ നിർദ്ദേശം കൊടുക്കുന്നില്ല (മത്താ. 10.5, ലൂക്കോ. 10.1). യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റശേഷമാണ് മാമോദീസാ സ്ഥാപനം നടത്തുന്നത്. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവീൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയുണ്ട് (മത്താ. 28.18-20). അതോടുകൂടെ "വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" (മർക്കോ 16.16) എന്ന് ഉയിർത്തെഴുന്നേറ്റ ക്രിസ്തു കൂട്ടിച്ചേർത്തു. പെന്തിക്കോസ്തി ദിവസം ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവ് ആവസിച്ചപ്പോൾ വി. പത്രോസ് ശ്ലീഹായുടെ പ്രസംഗം കേട്ട് ഹൃദയത്തിൽ കുത്തുകൊണ്ടവരായ കേൾവിക്കാർ ഞങ്ങൾ എന്തു ചെയ്യണമെന്ന് ചോദിച്ചപ്പോൾ പത്രോസ് അവരോട് "നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" എന്ന് പറഞ്ഞത് മാമ്മോദീസാ സ്ഥാപനം സഭയിൽ തുടരുന്നതായും അതിൽകൂടി ലഭിക്കുന്ന നൽവരത്തിന്റെ വിശദീകരണമായും കണക്കാക്കാം (അപ്പോ. 2.37, 38) അപ്പോസ്തോല പ്രവർത്തികൾ എന്ന പുസ്തകത്തിൽതന്നെ പലസന്ദർഭങ്ങളിലും അപ്പോസ്തോലന്മാർ മാമ്മോദീസ നല്കിയതായും കാണുന്നു. പത്രോസ് ശ്ലീഹായാലുള്ള കൊർന്നേലിയോസിന്റെ മാമ്മോദീസായും (അപ്പോ. 10) വി. പൗലോസ് ശ്ലീഹായാൽ ലുദിയായും കുടുംബവും കാരാഗ്രഹപ്രമാണിയും കുടുംബവുമൊക്കെ സ്നാനം ഏറ്റു (അപ്പോ. 16).

ആദിമസഭയിൽ യേശുക്രിസ്തുവിന്റെ യാത്രാമൊഴിയിലൂടെ സ്ഥാപിച്ച മാമ്മോദീസ എന്ന കൂദാശ ദൈവരാജ്യ പ്രവേശനത്തിന്റെ സാക്ഷാത്തായ വ്യവസ്ഥയായിത്തീർന്നു.

*(തുടരും...)*

# സുറിയാനി ആരാധനാ പാരമ്പര്യത്തിൽ വെളിവാകുന്ന സഭയുടെ ഏകത

ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്ത

സഭയുടെ ആരാധന അതിന്റെ വിശ്വാസസംഹിതകളുടെ ആചരണങ്ങളാണ്. ആയതിനാൽ ആരാധനക്രമങ്ങളെ നമ്മുടെ വിശ്വാസത്തിന്റെ ആധികാരിക സാക്ഷ്യങ്ങളായും സൈദ്ധാന്തികവീക്ഷണങ്ങളുടെ മാർഗ്ഗദർശിയായും കണക്കാക്കാം. പുരാതന, അവിഭക്ത സഭയുടെ ആരാധനാജീവിതം സ്പഷ്ടമാക്കുന്ന ആദിമ ഉറവിടങ്ങളിലൊന്നാണ് സുറിയാനി ആരാധനാ പാരമ്പര്യം. സഭയെക്കുറിച്ചും അതിന്റെ ഐക്യത്തെക്കുറിച്ചുമുള്ള വ്യക്തവും സുചിതവുമായ അനേകം ഉദ്ധരണികൾ സുറിയാനി ആരാധനാ പാരമ്പര്യങ്ങളിൽ ദർശിക്കാം.

പാശ്ചാത്യ, പൗരസ്ത്യ സുറിയാനി ഭാഷകളിലുള്ള വിവിധ കുർബ്ബാന തക്സാകൾ, കൂദാശക്രമങ്ങൾ, അനുദിന പ്രാർത്ഥനാ ക്രമങ്ങൾ, പെരുന്നാളുകൾക്കും ആഘോഷങ്ങൾക്കുമുള്ള നടപടിക്രമങ്ങൾ, വേദവായനാക്കുറിപ്പുകൾ തുടങ്ങി അനേക ആധികാരിക ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്നതാണ് സുറിയാനി ആരാധാനാ പാരമ്പര്യം. ജീവനുള്ളവരെയും വാങ്ങിപ്പോയവരെയും ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ശരീരമായ സഭ 'ഏക'മാണ് എന്ന ആശയമാണ് സഭയെക്കുറിച്ചും അതിന്റെ ഐക്യത്തെക്കുറിച്ചും ഈ ക്രമങ്ങളിലെല്ലാം വെളിവാക്കപ്പെട്ടിരിക്കുന്ന പ്രധാന ചിന്ത. കാതോലികവും അപ്പോസ്തോലികവുമായ സഭയുടെ ഐക്യം എന്നത് ദൈവദാനമായ ഒരു യാഥാർത്ഥ്യമായി വിശ്വസിക്കപ്പെടുന്നു. സഭയുടെ ഏകത്വത്തേയും നാനാത്വത്തിൽ ഏകത്വത്തേയും കുറിച്ച് സുറിയാനി ആരാധനാക്രമങ്ങളിൽ കാണുന്ന ചില ആലങ്കാരിക പ്രയോഗങ്ങളെ നമുക്ക് പരിശോധിക്കാം.

### ത്രിത്വമായ ദൈവത്തിന്റെ പ്രതിബിംബമാണ് സഭ

ത്രിത്വത്തിൽ മൂവരും ചേർന്ന് ഏക ദൈവമാണ്, എന്നാൽ ഓരോ ആളത്വവും പൂർണ്ണമായും വ്യക്തികളുമാണ്. സഭയിൽ അനേകശതം വ്യക്തികൾ കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. തൽസമയം തന്നെ വൈയക്തികമായ വ്യതിരിക്തതകൾ നിലനിർത്തുകയും ചെയ്യുന്നു. ത്രിത്വത്തിലുള്ള ആളത്വങ്ങളുടെ പരസ്പര ബന്ധവും ഐക്യവും സഭയിലുള്ള വ്യക്തികളുടെ ഒത്തുചേരലിനോട് സമാന്തരപ്പെട്ടിരിക്കുന്നു. ഇവിടെ സ്വാതന്ത്ര്യവും അധികാരവും തമ്മിൽ സംഘട്ടനങ്ങളില്ല. കാരണം ഇവിടെ സമഗ്രാധിപത്യമല്ല ഐക്യമാണുള്ളത്. ത്രിത്വത്തിൽ മൂവരും സമന്മാരായതുപോലെ, സഭയിൽ ഒരു ബിഷപ്പിന് അപരരുടെ മേൽ ആധിപത്യാവകാശം വാദിക്കുവാൻ സാദ്ധ്യമല്ല.

പരിശുദ്ധ ത്രിത്വമായ ദൈവത്തിന്റെ പ്രതിരൂപമാണ് സഭ എന്നുള്ള ആശയം വ്യക്തമാക്കുന്നത് സഭയുടെ ഐക്യത്തിന്റെ യുഗാന്ത്യദർശനത്തെക്കുറിച്ചാണ്. വി. യാക്കോബിന്റെ തക്സായിൽ ഇപ്രകാരം പറയുന്നു. "സ്വർഗ്ഗീയ ഊർശ്ലേമിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരും, മാലാഖമാരും, പ്രധാന മാലാഖമാരും റീശിനുവോസേൻമാരും ശുൽത്തോനേന്മാരും, മൗത്ത്ബേന്മാരും മോറാവോസേന്മാരും ഹൈലേന്മാരും അനേകം കണ്ണുകളുള്ള ക്രൂബേന്മാരും, കാലുകളും മുഖവും മൂടിക്കൊണ്ട് പരസ്പരം പറന്നു ചെന്ന് കാദീശ് പാടുന്നവരായ ആറാറു ചിറകുമുള്ള സ്രോപ്പേന്മാരുമായ ശരീരികളും അശരീരികളുമായ സ്വർഗ്ഗസേനകൾ മഹത്വപ്പെടുത്തുന്നവനെ". സഭയുടെ ആരാധനയിൽ സൃഷ്ടിയുടെ ഐക്യം എന്ന ആശയം ഇവിടെ നിഴലിച്ചുനിൽക്കുന്നു. സ്വർഗ്ഗത്തേയും സഭ

യേയും തമ്മിൽ സംയോജിപ്പിക്കുക മാത്രമല്ല സ്ഥലത്തേയും കാലത്തേയും വിശിഷ്ടമാക്കുകയും ചെയ്യുന്നു. ഇതുകൊണ്ടർത്ഥമാക്കുന്നത് ജീവനുള്ളവരും വാങ്ങിപ്പോയവരും വരുവാനിരിക്കുന്നവരും ഐക്യതയിൽ ദൈവമുമ്പാകെ സന്നിഹിതമായിരിക്കുന്നു എന്നാണ്.

ഐക്യത്തിന്റെ ഈ യുഗാന്ത്യവീക്ഷണം വിശുദ്ധകുർബ്ബാനാനുഷ്ഠാനത്തിന്റെ പര്യവസാനത്തോളം പ്രകടമാണ്. അതായത് വി.കുർബ്ബാന സർവ്വസൃഷ്ടികൾക്കുമായി നല്കപ്പെടുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുന്നു. "വലിയവനും നമ്മുടെ രക്ഷിതാവുമായ യേശുമശിഹായാകുന്ന ദൈവത്തിന്റെ കരുണ ഈ വിശുദ്ധതകൾ വഹിച്ചിരിക്കുന്നവരുടെ മേലും ഇവ നല്കുന്നവരുടെ മേലും അനുഭവിക്കുന്നവരുടെ മേലും പരിശ്രമിച്ച് ഇവയിൽ സംബന്ധിച്ചിട്ടുള്ളവരും സംബന്ധിക്കുന്നവരുമായ എല്ലാവരുടെമേലും ഉണ്ടായിരിക്കണമേ. ദൈവത്തിന്റെ കരുണ നമ്മുടെ മേലും അവരുടെ മേലും രണ്ടു ലോകങ്ങളിലും എന്നേക്കും ഉണ്ടായിരിക്കട്ടെ".

ത്രിത്വത്തിൽ പ്രകടമായ ഐക്യം ദൈവം സർവ്വസൃഷ്ടികൾക്കായി സ്വമേധയാ നല്കി. എന്നാൽ മനുഷ്യന്റെ പാപം മുഖാന്തിരം സൃഷ്ടിയിൽ നടമാടിയിരുന്ന ഐക്യം ശിഥിലീകൃതമായി. എഫെ. 2:14-16 വാക്യങ്ങൾ പ്രതിഫലിപ്പിക്കുന്നതുപോലെ ക്രിസ്തുവിന്റെ രക്ഷണ്യപ്രവർത്തനങ്ങൾ സൃഷ്ടിയുടെ ഐക്യത്തിന് പൂർവ്വസ്ഥിതി പ്രദാനം ചെയ്തു. ഇത് വെറും ഭൗതിക അനുഭവമല്ല മറിച്ച് യുഗാന്ത്യപരമായതാണ്. സഭയുടെ ആരാധനയിലുടനീളം സുവ്യക്തമായി ഇത് പ്രതിഫലിക്കുകയും ചെയ്യുന്നു.

### ക്രിസ്തുവിന്റെ ശരീരമായ സഭ

ഇത് വി.വേദപുസ്തകാധിഷ്ഠിതവും സുറിയാനി ആരാധനയിലുടനീളം ദൃശ്യമാകുന്നതുമായ ഒരു പ്രയോഗമാണ്. ക്രിസ്തുവും സഭയുമായി ആഴമായ ബന്ധമുണ്ട്, അന്ത്യോഖ്യയിലെ വി. ഇഗ്നാത്തിയോസ് പറയുന്നു. "ക്രിസ്തു എവിടെ ഉണ്ടോ അവിടെ കാതോലികമായ സഭയുണ്ട്". (Ignatius of Antioch, to the Smyrnaeans VIII 2) "പലരായ നാം ക്രിസ്തുവിൽ ഒരു ശരീരമാകുന്നു". (റോമർ 12:5) സർവ്വതിലുമുപരിയായി ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യം വി. കൂദാശകളിലൂടെ അനുഭവവേദ്യമാകുന്നു. വി. മാമോദീസായിൽ സ്ഥാനാർത്ഥി ക്രിസ്തുവിനോട് കൂടെ മരിച്ചു ഉയർക്കപ്പെടുന്നു. വി. സഭാംഗങ്ങൾ കൗദാശികമായി ക്രിസ്തുവിന്റെ ശരീരം സ്വീകരിക്കുന്നു. വി.കുർബ്ബാന ഒരേ സമയം സഭാംഗങ്ങളെ ക്രിസ്തുവുമായി സംയോജിപ്പിക്കുകയും അവർ തമ്മിലുള്ള ഐക്യത്തിന് നിദാനമായി ഭവിക്കുകയും ചെയ്യുന്നു. "അപ്പം ഒന്ന് ആക കൊണ്ട് പലരായ നാം ഒരു ശരീരമാകുന്നു. നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികളാകുന്നു". (1 കൊരി 10:17) വി. കുർബ്ബാന സഭയുടെ ഐക്യം കെട്ടിപ്പടുക്കുന്നു.

സുറിയാനി പാരമ്പര്യത്തിൽ ആരാധനയുടേയും സഭാശാസ്ത്രത്തിന്റെയും കേന്ദ്രം വി. കുർബ്ബാനയാണ്. വി. കുർബ്ബാനാസംസർഗ്ഗത്തിലുടെ സഭ യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്നു. സകലമനുഷ്യർക്കുമുള്ള രക്ഷ എന്നത് അനുഭവസിദ്ധമാകുന്നതിന് നിദാനമായ യേശുവിന്റെ യാഗാത്മകപ്രവർത്തനത്തിന്റെ സ്മരണയിലാണ് ആരാധന കേന്ദ്രീകൃതമായിരിക്കുന്നത്. സഭാശാസ്ത്രത്തിന്റെ അഗമ്യമായ അർത്ഥവ്യാപ്തിയും സഭയുടെ തന്നെ അവിഭക്തമായ സ്വഭാവവും സുറിയാനി ക്രിസ്ത്യാനികൾ തങ്ങളുടെ ആരാധനയിലൂടെ ദർശിക്കുന്നു.

### ക്രിസ്തുവിന്റെ മണവാട്ടിയായ സഭ

സഭയ്ക്ക് 'ക്രിസ്തുവിന്റെ മണവാട്ടി' എന്ന സംജ്ഞ നല്കിയിരിക്കുന്നത് സുറിയാനി ആരാധനപാരമ്പര്യത്തിൽ സുപ്രസിദ്ധമാണ്. അതിന് സുറിയാനി സാഹിത്യകൃതികളിലും, പ്രാർത്ഥനാക്രമങ്ങളിലും വിശിഷ്യാ വിവാഹശുശ്രൂഷയ്ക്കുള്ള പ്രാർത്ഥനാക്രമങ്ങളിലും അനേകം പ്രസ്താവങ്ങളുണ്ട്. ശലോമോന്റെ സങ്കീർത്തനങ്ങൾ (Odes of Solomon) തോമായുടെ പ്രവൃത്തികൾ (Acts of Thomas) എന്നിവയിലും സുറിയാനി സഭാപിതാക്കന്മാരായ മാർ അഫ്രാത്തസ് (Aphraates the Syrian) മാർ അപ്രേം (Ephrem the Syrian) സെറൂഗിലെ മാർ യാക്കോബ് തുടങ്ങിയവരുടെ കൃതികളിലും സഭയും ക്രിസ്തുവുമായുള്ള ബന്ധം മണവാളൻ, മണവാട്ടി എന്നീ നാമങ്ങളാൽ ചിത്രീകരിച്ചിരിക്കുന്നു. (Odes 38:9 ff, 42:8-9, Acts of Thomas 176:, Ephrem the Syrian, Hvir 16:2, H.Resur, 3:1-7, Hfild, 14:16; Aphraates, Dem. 21, Jacob of serug, FHIV, 6 cf Murray, Symbols of the

Church and Kingdom 131:142) ക്രിസ്തുവിനും സഭയ്ക്കും മദ്ധ്യേ നിലനിൽക്കുന്ന ബന്ധത്തിന്റെ ഗാഢമൈത്രി സുറിയാനി പിതാക്കന്മാർ വിവാഹം എന്ന പ്രതീകത്തിലൂടെ വർണ്ണിച്ചിരിക്കുന്നു. മണവാളന്റെയും മണവാട്ടിയുടെയും വിവാഹകർമ്മത്തിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും മണവാളനായ ക്രിസ്തുവിന്റെയും മണവാട്ടിയായ സഭയുടെയും ജീവിതത്തിലെ ചില സംഭവങ്ങളോടുപമിച്ചിരിക്കുന്നു. ഈ ബന്ധത്തിന്റെ വളർച്ചയും തീവ്രതയും കൗദാശികജീവത്തിലൂടെ വിശിഷ്യാ മാമോദീസാ, വി. കുർബ്ബാനാനുഭവം, സ്വപരിത്യാഗ രഹസ്യങ്ങൾക്കനുസൃതമായ ജീവിതം എന്നിവയിലൂടെ ആർജ്ജിച്ചിരിക്കുന്നു.

**ദൈവത്തിന്റെ സ്വന്തജനവും വാസസ്ഥലവുമായ സഭ**

ആരാധനാപാരമ്പര്യങ്ങളിൽ ഇത് ഒരു പ്രധാന പ്രതിപാദ്യമാണ്. "ദൈവം വസിക്കുന്ന ആലയമാണ് സഭ". "ഓരോ വിശ്വാസിയും ദൈവത്തിന്റെ വാസസ്ഥലമാണ്" (1 Pet 2.4-5, 1Tim 3:15 1 Cor 3:16-17, 1 Cor 6:9, 2 Cor 6:16) തുടങ്ങി പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ആവിഷ്കാരങ്ങളെ അടിസ്ഥാനപ്പെടുത്തി സഭയുടെ അന്തഃസത്ത പ്രകടമാക്കുന്ന ചില പരാമർശങ്ങൾ സഭയുടെ പ്രാർത്ഥനാക്രമങ്ങളിൽ ദൃശ്യമാണ്. "ഒരു ഭവനമാണ് സഭ അവിടെ വസിക്കുന്നതോ, ദൈവവും ". "ക്രിസ്തുവാണ് ഈ കെട്ടിടത്തിന്റെ മൂലക്കല്ല് ". "അപ്പോസ്തലന്മാരും പ്രവാചകന്മാരും അടിസ്ഥാന ശിലകളാണ്". "വിശ്വാസികൾ ഇതിന്റെ കെട്ടുപണിക്കുവേണ്ടി ജീവനുള്ള കല്ലുകളാകുന്നു". "ഈ സമുച്ചയം ഏകവും ക്രിസ്തുവിലൂടെ ദൈവത്തിനായി ആത്മീയയാഗങ്ങളർപ്പിക്കുന്നതുമാകുന്നു". "ഓരോ വിശ്വാസിയും ദൈവത്തിന്റെ ആലയമാണ് ". തുടങ്ങിയ പ്രസ്താവങ്ങൾ അതിനുദാഹരണങ്ങളാണ്.

*(തുടരും.....)*

**കവിത**

# താരാട്ടു പാട്ട്



ജോർജ്ജ് കുട്ടി ചെമ്മനം

ഉണ്ണി ഉറങ്ങുറങ്ങ് ഉണ്ണി ഉറങ്ങുറങ്ങ്
അമ്മതൻ താരാട്ട് കേട്ടുറങ്ങ്
വാവാവോം.. രാരോരം കൈകളിലാടിനീ
കൺചിമ്മി ഓമനേ, ഒന്നുറങ്ങു
മാനത്തെ അമ്പിളി താരങ്ങളെല്ലാമേ
ഉണ്ണിയെ നോക്കുന്നു കണ്ണിറുക്കി
മുത്തശ്ശികഥചൊല്ലാം, യേശുവിൻ കഥചൊല്ലാം
നെഞ്ചോടു ചേർന്നുറങ്ങെന്റെ തങ്കം
അച്ഛൻ വരുന്നേരം അന്തിക്കു പൊന്നുണ്ണി,
കഞ്ഞിം കറികളും കാലാക്കണം
അമ്മാവൻ പാടത്തു പണിചെയ്തു കേറുമ്പോൾ
ചൂടുള്ള വെള്ളം കുളിക്കാൻ വേണം
പയ്യിനെ തീറ്റണം, മുറ്റമടിക്കണം
പാത്രവും മോറിയെടുത്തീടണം
എന്നുണ്ണി, പൊന്നുണ്ണി, അമ്മേടെ തങ്കമേ
താരാട്ടു കേട്ടുനീ ഒന്നുറങ്ങ്
വാവാവോം.. രോരോരം
ചക്കരമുത്തേ നീ ഒന്നുറങ്ങ്
വാവാവോം.. രോരോരം
രാരീരം.. രാരോരം
വാവാവോം.. രോരോരം.. രാരീരാരോം..

# സന്യാസ പ്രസ്ഥാനത്തിന് ഒരാമുഖം-2

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

### 3. പുരാതന ഗ്രീസിലെ സന്യാസ പ്രസ്ഥാനം

ആത്മാവു ശരീരത്തിനുള്ളിലെ ബന്ധു ആയതിനാൽ ദൈവവുമായുള്ള സംയോജനത്തിനായുള്ള അതിന്റെ മോചനം ഗ്രീക്കു സന്യാസത്തിന്റെ അടിസ്ഥാന ശിലയാണ്. പഴയ ത്രാസിയാ (Thracea) യിലെ ഓർഫിയുസിന്റെ പേരിൽ ആതൻസ് കേന്ദ്രമായി പ്രഥമ സന്യാസി സമൂഹം ബി.സി. ആറാം നൂറ്റാണ്ടിൽ ഉടലെടുത്തു. ഇവരുടെ പ്രധാന സവിശേഷത അവർ മാംസാഹാരം ഉപേക്ഷിച്ചിരുന്നുവെന്നതാണ്. നോമ്പിനു പ്രത്യേക പ്രാധാന്യം നല്കിയിരുന്നു. ഓർഫിസത്തിന്റെ സ്വാധീനം തുടർന്നതിന്റെ ഫലമായി 'പിത്താഗോറസിന്റെ' അനുയായികളും ബി.സി. നാലാം നൂറ്റാണ്ടിൽ കർശന സന്യാസ ജീവിതത്തിനു രൂപം കൊടുത്തു. ലളിത ജീവിതവും മൗനവ്രതവും ലൈംഗിക സംയമനവും ഇവരുടെ പ്രത്യേകതകളാണ്. ആത്മീയ വളർച്ചയുടെ ഘട്ടത്തിൽ ദൈവത്തിലേക്ക് ആത്മാവിന്റെ ആരോഹണവും സാന്മാർഗിക വിശുദ്ധീകരണവും വലുതായി അവർ കണക്കാക്കി. സമൂഹത്തിൽ അംഗങ്ങളായിത്തീരുന്നവർ വെള്ളവസ്ത്രം ധരിക്കുകയും മൗനവ്രതം എടുക്കുകയും വേണം. സംഗീതം, ഗണിതശാസ്ത്രം, ജ്യോതിശാസ്ത്രം എന്നിവയിൽ അവർ ശ്രദ്ധ പതിപ്പിച്ചു. എല്ലാം സംഖ്യയുടെ അടിസ്ഥാനത്തിൽ വിശദമാക്കുവാൻ ലോകം തന്നെ വിരോധാഭാസങ്ങളുടെ ഒരു സന്തുലിത (താളൈക്യം) ആകുന്നുവെന്നും വിശേഷിപ്പിച്ചു. ഒരു സമഗ്ര വീക്ഷണം എല്ലാറ്റിനെയുംകുറിച്ചു അവർക്കുണ്ടായിരുന്നു.

ആത്മാവിന്റെ ആത്യന്തിക ലക്ഷ്യത്തെയും ജീവിത ചംക്രമണത്തെയും കുറിച്ച് ഓർഫിക് വേദശാസ്ത്രജ്ഞന്മാരിൽനിന്നും കടമെടുത്ത ചില ആശയങ്ങളെക്കുറിച്ചുള്ള വിശാല വീക്ഷണമാണു പ്ലേറ്റോയുടെ സംഭാവന ഇന്ദ്രിയാധീനമായ ഭൂമിയിലുള്ള എല്ലാറ്റിൽ നിന്നുമുള്ള സ്വയശുദ്ധീകരണം (Katharsis) ദൈവത്തിലേക്കുള്ള തിരിയലാണെന്ന് അദ്ദേഹം പഠിപ്പിച്ചു. നന്മയുടെ യാഥാർത്ഥ്യഭാവത്തെ (Idea of the good) ദർശിക്കുകയാണ് ഈ രക്ഷപെടലിന്റെ ലക്ഷ്യം. ഇതു പ്രായോഗിക ജീവിത ലക്ഷ്യമായി കണക്കാക്കി ഇന്ദ്രിയാതീതമായ ലോകത്തിലുള്ള ആത്മാവ് ഈ ലോകത്തിലേക്കുള്ള വീഴ്ചയിൽ വികലമാക്കപ്പെട്ടതിനാൽ അത് ഈ ദർശനത്തിൽ (Wisdom) എത്തിച്ചേരുമ്പോൾ ദൈവ സദൃശ്യമാകുന്നുവെന്ന പ്ലേറ്റോയുടെ നിഗമനത്തിനു പുരാതന ഹൈന്ദവ ദർശനത്തോടു സാധർമ്മ്യമുണ്ട്. ഓർഫിസത്തിന്റെ ആശയ ശുദ്ധീകരണവും പുനഃവ്യാഖ്യാനവും മൂലം മനുഷ്യന്റെ ആന്ത്യന്തിക ലക്ഷ്യം ദൈവ സാദൃശ്യത്തിലെത്തുകയാണെന്നും ലോകാതീത യാത്ര സുസാധ്യമാക്കുന്നതു ലോകത്തെ ത്യജിക്കുന്നതു വഴിയാകുന്നുവെന്നുമുള്ള ദർശനം സന്യാസ ദർശനത്തിനു നല്ലൊരു അടിത്തറയാണ്. നാലാം നൂറ്റാണ്ടിലെ ക്രിസ്തീയ സന്യാസപ്രസ്ഥാനത്തെ ഇതു വളരെ സ്വാധീനിച്ചിട്ടുണ്ട്.

ഇച്ഛാശക്തിയുടെ (will power) ഉത്തരവാദ നിർവഹണം മൂലം സാന്മാർഗിക ഉന്നമനം കൈവരിക്കാനാവുമെന്ന സോക്രട്ടീസിന്റെയും അരിസ്റ്റോട്ടിലിന്റെയും ചിന്തകളെ കോർത്തിണക്കി സിനിസം (Cynism) എന്ന ഒരു പ്രസ്ഥാനവും ഉണ്ടായിരുന്നു. ആന്ററിസ്തേനസ് (Antisthenes) എന്ന അതിന്റെ സ്ഥാപകൻ സാന്മാർഗ്ഗിക ശ്രേഷ്ഠത (Moral excellences) യിൽ കൂടി മാത്രമെ ആന്തരിക സമാധാനം കൈവരിക്കുവാൻ സാധിക്കൂ എന്നു സമർത്ഥിച്ചു. ഭൗമിക വസ്തുക്കൾക്ക് ഇക്കാര്യത്തിലുള്ള അപ്രധാന സ്ഥാനം കണക്കിലെടുത്ത് അവയെ ഉപേക്ഷിയ്ക്കേണ്ടത് ആന്തരീക സമാധാനത്തിന് അനുപേക്ഷണീയമെന്നു പഠിപ്പിച്ചു. സാന്മാർഗിക അഭ്യാസ (askesis) ത്തിൽക്കൂടി ഇച്ഛാശക്തിയുടെ മിനുസപ്പെടുത്തൽ നടത്തി ഭൗതീകവസ്തുക്കളോടുള്ള മോഹകാമ വിചാരങ്ങളിൽ നിന്നുള്ള യഥാർത്ഥ സ്വാതന്ത്ര്യം നിർവികാരതയേക്കാൾ അവയുടെ മേലുള്ള സർവ്വാധിപത്യം നേടിയെടുക്കൽ ലക്ഷ്യമാക്കി കണക്കാക്കി എല്ലാ മാനുഷിക വികാരങ്ങളും ആവശ്യത്തിനായി പൂർത്തീകരിക്കുകയെന്നും അതിന് അതീതമായതു തിന്മയെന്നും പഠിപ്പിച്ചു. സ്റ്റോയിസവും ഇതുതന്നെ പഠിപ്പിച്ചു. അത് ക്രൈസ്തവ സന്യാസ വീക്ഷണത്തെ ശക്തിയായി സ്വാധീനിച്ചിട്ടുണ്ട്.

### 3. ക്രിസ്തീയ സന്യാസ പ്രസ്ഥാനം

### a) സാമ്യവും വ്യത്യാസവും

ക്രിസ്തുമതത്തോളം തന്നെ പഴക്കമുള്ള താണു ക്രിസ്തീയ സന്യാസ പ്രസ്ഥാനം. മറ്റു മതങ്ങളുടെ സന്യാസ പ്രസ്ഥാനവുമായി ഇതിനു ചില സാമ്യങ്ങളും വ്യത്യാസങ്ങളും കണ്ടെത്താം. ആത്മീയ പുരോഗതി ലാക്കാക്കിക്കൊണ്ടുള്ള സമൂഹജീവിതശൈലിയും അതിനു സാഹയകമായ നിയമ സംഹിതകളിലൂടെ വ്യക്തമായ ഒരു പദ്ധതിയും എല്ലാ മതങ്ങളിലെയും സന്യാസ പ്രസ്ഥാനങ്ങളിൽ പൊതുവായി കാണുന്നു. ആത്മീയ പുരോഗതിക്കുള്ള പ്രവർത്തനശൈലിയിൽ പ്രാർത്ഥനയ്ക്കും മറ്റ് ആരാധനാ ചടങ്ങുകൾക്കും ഉള്ള പ്രാധാന്യം എല്ലായിടത്തും വളരെ സാമ്യമുള്ളതാണ്. എന്നാൽ ആത്മീയ പുരോഗതിയുടെ ആത്യന്തിക ലക്ഷ്യമാക്കുന്ന രക്ഷയെ സംബന്ധിച്ചു ഹിന്ദു, ബുദ്ധ, ജൈന, ക്രിസ്തുമതങ്ങൾക്കു വ്യത്യസ്ത കാഴ്ചപ്പാടാണുള്ളത്. ആത്മീയ ലക്ഷ്യപ്രാപ്തിക്കു മനുഷ്യന്റെ പ്രയത്നത്തിനുള്ള ഏക മാത്രമായ പ്രാധാന്യം ഹിന്ദു, ബുദ്ധ, ജൈന മതങ്ങൾ എടുത്തുകാട്ടുമ്പോൾ ഈ യത്നത്തിൻ മനുഷ്യനെ സ്നേഹിക്കുകയും സഹായിക്കുകയും അവന്റെ പോരായ്മയിൽ പൂർത്തി വരുത്തുകയും ചെയ്യുന്ന ഒരു ദൈവത്തെ ക്രിസ്തുമതത്തിലേതു പോലെ ഇവയിൽ കാണപ്പെടുന്നില്ല.

### b) ഉത്ഭവം

സ്വന്തക്കാരെയും സ്വന്തത്തെയും ഉപേക്ഷിച്ചു യേശുവിനെ അനുഗമിച്ച പന്ത്രണ്ടു ശിഷ്യന്മാരും (മത്താ.4:18-22, മർക്കോ.1:16-20, ലൂക്കോ. 6:1-11, യോഹ. 1:3542) ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടുകളെപ്പോലെ ദൈവരാജ്യത്തിനുവേണ്ടിയുള്ള കൊയ്ത്തിന് അയയ്ക്കപ്പെട്ട എഴുപത്തിരണ്ടു അറിയിപ്പുകാരും (ലൂക്കോ.10:1-17) ഒരർത്ഥത്തിൽ സന്യാസിമാരായിരുന്നു. ആദിമസഭയിലെ ശുശ്രൂഷക്കാരികളും ശുശ്രൂഷയ്ക്കായി വേർതിരിക്കപ്പെട്ട വിധവമാരും സന്യാസജീവിതത്തിൽ ഉൾപ്പെട്ടിരുന്നു (1 തിമോ. 5:5, 11:3-11). പ. പൗലൂസ് ശ്ലീഹാ തന്നെ ഒരു സഞ്ചാര സന്യാസിയായി പ്രവർത്തിച്ചു (1കോരി. 7:1-7). ക്രൂശിന്റെ മാർഗ്ഗം തെരഞ്ഞെടുത്തു (2 കോരി. 11:24). അതിനുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്തു (ഗലാ. 6:14).

കംറാൻ സമൂഹജീവിത ശൈലി സന്യാസത്തിന്റേതായിരുന്നുവെന്നു മുമ്പുതന്നെ നാം കണ്ടുവല്ലോ. യോഹന്നാൻ സ്നാപകന് ഈ എസ്സേന്യ സമൂഹജീവിതത്തിന്റെ കാര്യമായ സ്വാധീനം ഉണ്ടായിരുന്ന ഒരാളായിരുന്നുവെന്നും അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ഏറ്റവും കുറഞ്ഞതു മൂന്നു പേരെങ്കിലും യേശുവിന്റെ ശിഷ്യന്മാരായിത്തീർന്നിട്ടുണ്ടെന്നതും തീരെ തള്ളിക്കളയാവുന്നതല്ല (മത്താ.11:2-19, ലൂക്കോ. 7:18-35). യേശു യോഹന്നാന്റെ സന്യാസ ജീവിത ശൈലിയെ പുകഴ്ത്തുന്നതായി ഇവിടെ കാണുന്നു. പുറജാതികളെ യഹൂദ സമൂഹത്തിൽ സ്വീകരിക്കുമ്പോൾ യഹൂദന്മാർ നടത്തിയിരുന്ന സ്നാനവും കംറാനിലെ എസ്സേന്യർ തങ്ങളുടെ യുഗാന്ത്യ സമൂഹത്തിലേക്കുള്ള പ്രാരംഭകർക്കു നല്കിയിരുന്ന ഔപചാരിക സ്നാനവും യോഹന്നാൻ സ്നാപകൻ നടത്തിയിരുന്ന മാനസ്സാന്തര സ്നാനവും യേശു നടത്തിയ പരിശുദ്ധാത്മാവിലുള്ള സ്നാനവും തമ്മിൽ അനിഷേധ്യമായ ബന്ധമുണ്ട്.

ഈ പശ്ചാത്തലത്തിൽ പുതിയ നിയമസഭയുടെ വളരെ ശക്തമായ സന്യാസ ജീവിതശൈലി രൂപം പ്രാപിച്ചുവെന്നു പറയാം. ഈജിപ്തിലെ മണലാരണ്യ പിതാക്കന്മാർക്കു മുമ്പു തന്നെ ഭൗതിക ലോകത്തെ സന്യാസ ജീവിത ശൈലിയുടെ ഉത്ഭവം പുതിയനിയമ സഭയിൽ തന്നെ വളരെ വ്യക്തമായി നമുക്ക് കാണാം. ഈ ചിന്തയുടെ വെളിച്ചം വീശുന്ന ഏതാനും പുതിയ നിയമ ഭാഗങ്ങൾ വിസ്താരഭയത്താൽ ഇവിടെ സൂചിപ്പിക്കുക മാത്രം ചെയ്യട്ടെ. റോമ. 14:1-4; 8:12-14; കൊലോ. 2:18-35; 1 കോരി. 7:3-5;2728; 36-38; 24 -27; 1 തിമോ. 4:2-4; ലൂക്കോ.1:80; 3:2; 4:1, 5:35; മർക്കോ. 2:18; മത്താ. 11:9.

### (c) യേശുക്രിസ്തു - സഞ്ചാര സന്യാസിയും ഉപദേഷ്ടാവും

1. മരുഭൂമിയിലെ നാൽപ്പതു ദിവസത്തെ വാസം മൂലം സന്യാസ ജീവിതശൈലിയുടെ രൂപരേഖ ക്രിസ്തു നമുക്കു തന്നു (മത്താ. 4, മർക്കോ 1, ലൂക്കോ 4). മാതാപിതാക്കളെയും ചാർച്ചക്കാരെയും ലോകത്തെയും ലോകക്കാരെയും വിട്ടു ഭക്ഷണ പാനീയ സുഖം വെടിഞ്ഞു പിതാവാം ദൈവത്തോടുള്ള സമ്പൂർണ്ണ സഹവർത്തിത്വത്തിൽ യേശു പൂർത്തീകരിച്ച ദിവസങ്ങൾ മനുഷ്യരായ നമുക്കും ആ ദൈവരാജ്യാനുഭവം സാധിതമാകണമെന്ന സത്യം വെളിവാക്കുകയും അതിലേക്കു നമ്മെ ആഹ്വാനം ചെയ്യുന്നതുമാണ്. ലോക പരിത്യാഗവും ജിതേന്ദ്രിയത്വവും ഉപവാസവും നിരന്തര പ്രാർത്ഥനാ സംസർഗമാകുന്ന സന്യാസമുഖമുദ്രകൾ നമുക്കു മാതൃകയായി കാട്ടിത്തരുവാൻ ഈ അനുഭവത്തിൽക്കൂടി ക്രിസ്തു നേടിയെടുക്കുവാനും ക്രിസ്തീയ സ്വാതന്ത്ര്യം അനുഭവിക്കുവാനും കഴിയുന്ന ജീവിതമാർഗ്ഗം വരച്ചുകാട്ടി.

2. ക്രിസ്തുവിന്റെ അനുയായികൾ ക്രൂശെടുത്തുകൊണ്ട് അവനെ അനുഗമിക്കണമെന്ന ആഹ്വാനം സന്യാസജീവിതത്തിലേക്കുള്ള വിളിയാണ് (മത്താ. 10:37-39; ലൂക്കോ. 14:2527; 17:33; 9:2324; മത്താ. 16:24-25; മർക്കോ. 8:34-35; യോഹ. 12:25)

3. എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയേയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെക്കൂടെയും പകെക്കാതിരിക്കുകയും (വെറുക്കാതിരിക്കുകയും) ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല' (ലൂക്കോ. 14:26). യേശുവിന്റെ ഈ പ്രസ്താവന സന്യാസ ജീവിതത്തിനുള്ള ആഹ്വാനമാണ്. ഈ അർത്ഥത്തിൽ യേശുവിന്റെ എല്ലാ ശിഷ്യരും സന്യാസികളും സന്യാസിനികളും ആകേണ്ടവരാണ്. ലോകബന്ധങ്ങൾക്കതീതമായി വളരുവാനും ക്രിസ്തുവിനു വേണ്ടിയുള്ള ജീവിതത്തിൽ എല്ലാം ഉപേക്ഷിച്ച് ദൈവരാജ്യത്തിൽ മുഴുകുകയും ചെയ്യേണ്ട ആവശ്യകത ഇവിടെ എടുത്തുകാട്ടുന്നു. സന്യാസ ജീവിതത്തിന്റെ അടിസ്ഥാന പ്രമാണമിതാണ്.

4. 'കോതമ്പുമണി നിലത്തുവീണു ചാകുന്നില്ലയെങ്കിൽ അത് തനിയെ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും, ഇഹലോകത്തിൽ തന്റെ ജീവനെ പകെയ്ക്കുന്നവൻ അതിനെ നിത്യജീവനായി സൂക്ഷിക്കും' (യോഹ.12:24, 25). സന്യാസ ജീവിതത്തിന്റെ യഥാർത്ഥ അവസ്ഥ ഈ ലോകത്തിന്റെ എല്ലാ ആഗ്രഹങ്ങളെയും പരിത്യജിച്ച് അപ്രകാരം ഈ ലോകത്തിനു മരിച്ചു സ്വർഗരാജ്യത്തിന്റെ അനുഗ്രഹങ്ങളെ ആഗ്രഹിച്ചു പ്രവർത്തിക്കുന്നതുവഴി നിത്യജീവനായി സ്വയം സൂക്ഷിക്കുന്നതാണ്. ഗോതമ്പുമണിയുടെ ഉപമയിൽ കൂടി ക്രിസ്തു ഇതാണു നമ്മെ കാണിക്കുന്നത്.

5. 'സൽഗുണ പൂർണൻ (perfect) ആകുവാൻ ഇച്ഛിക്കുന്നുവെങ്കിൽ നീ ചെന്നു നിനക്കുള്ളതു ദരിദ്രർക്കു കൊടുക്കുക; എന്നാൽ സ്വർഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും; പിന്നെ വന്ന് എന്നെ അനുഗമിക്ക' (മത്താ. 19:21, ലൂക്കോ. 12:33; അപ്പോ.പ്രവ. 2:45; 4:34,35; മത്താ. 6:20). ഒരുവന്റെ സാമ്പാദ്യം വിറ്റു ദരിദ്രർക്കു കൊടുക്കുന്നത് ഒരു പുണ്യ പ്രവൃത്തിയെന്നതിലുപരി ക്രിസ്തുവിനെ അനുഗമിക്കുവാനുള്ള അനിവാര്യ വ്യവസ്ഥയായി പഠിപ്പിക്കുന്നു. ക്രിസ്തുവിന്റെ നാമം നിമിത്തമുള്ള പരിത്യാഗമാണു ഫലപ്രദമാകുന്നത് (മത്താ. 19:29).

6. 'സ്വർഗരാജ്യം നിമിത്തം നിങ്ങളെത്തന്നെ ഷണ്ഡന്മാരാക്കുന്നവരെക്കുറിച്ച് (മത്താ. 19:12) അവർ അതിനു കഴിവുള്ളവരാകുന്നുതിനാലാണെന്നു സ്പഷ്ടമായി ക്രിസ്തു പഠിപ്പിക്കുന്നു. സ്വർഗരാജ്യത്തെക്കുറിച്ചുള്ള തീക്ഷണതാബോധത്തിൽനിന്നു ഉരിത്തിരിയുന്ന ഇച്ഛാശക്തി (Will Power) യുടെ തീരുമാനമാണ് ഇതിന് അടിസ്ഥാനം. ലോകമോഹങ്ങളും സ്വർഗരാജ്യമോഹവും തമ്മിലുള്ള വടം വലിയുടെ ശുഭോദർക്കമായ ഫലം അവരെ ഈ തീരുമാനമെടുക്കുവാൻ ശക്തരാക്കുന്നു. ബാഹ്യസമ്മർദ്ദങ്ങളില്ലാതെ ആന്തരിക പ്രേരണയിൽ നിന്നെടുക്കുന്ന ഈ തീരുമാനം സന്യാസ ജീവിതത്തിന്റെ ആരംഭം കുറിക്കുന്നു.

7. പുനഃരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിനു കൊടുക്കപ്പെടുന്നതുമില്ല; സ്വർഗത്തിലെ ദൂതന്മാരെപ്പോലെ ആകുന്നു (മത്താ. 22:30) സന്യാസ ജീവിതം വരുവാനുള്ള ലോകത്തിലെ ജീവതത്തിനു ഒരു സാക്ഷ്യവും മുൻകുറിയുമാണ് മരണവും ജനനവും ഇല്ലാത്ത ദൈവദൂത തുല്യ ദൈവരാജ്യ ജീവിതത്തിന്റെ മുന്നാസ്വാദനമാണു സന്യാസ ജീവിതത്തിൽ കൂടി ലഭിക്കുന്നുവെന്നാണ് ഇവിടെ വിവക്ഷ.

8. യേശു ക്രിസ്തുവിന്റെ പർവ്വത പ്രസംഗങ്ങളിൽ ദൈവാജ്യ മക്കൾക്കു വളരെ ഉന്നതമായ ജീവിത ശൈലിയാണ് ആവശ്യപ്പെട്ടിരിക്കുന്നത് (മത്താ. 5:7). പന്ത്രണ്ടു ഭാഗ്യാവസ്ഥകൾ സന്യാസത്വത്തിന്റെ അടിസ്ഥാന സത്യങ്ങളാണ്. നിങ്ങൾ ലോകത്തിന്റെ വെളിച്ചമാണ്, ഉപ്പാണ് (മത്താ. 5:13-16) എന്നീ സംജ്ഞകൾ ശിഷ്യന്മാർക്കു നല്കി നിങ്ങളുടെ ദൗത്യം ശാസ്ത്രീമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്ന നീതി നിർവഹണമാണെന്നതും (മത്താ. 5:20-48) യഥാർത്ഥ സന്യാസ ജീവിതമാകുന്ന ജീവിത സമ്പൂർണ്ണതയ്ക്കുള്ള മാനദണ്ഡങ്ങളാണ് (മത്താ. 5:48). വി. മത്തായിയുടെ സുവിശേഷം ആറാം അദ്ധ്യായത്തിൽ പറയുന്ന പ്രാർത്ഥന, ഉപവാസം, നന്മ പ്രവൃത്തികൾ എന്നീ മൂന്നു ഘടകങ്ങളും സന്യാസത്തിന്റെ അടിസ്ഥാന തത്വങ്ങൾ കൂടിയാണ് മത്താ. 6.19-34 വരെയുള്ള ഭാഗങ്ങൾ സന്യാസത്തിന്റെ ശാസനാപത്രമാണ് (Charter of Monasticism) ദൈവരാജ്യ ജീവിതാനുഭവത്തിനുള്ള ശ്രേഷ്ഠ മാർഗദർശനങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു.

### (d) സന്യാസ പ്രസ്ഥാനവും പീഡനങ്ങളും

രക്തസാക്ഷിത്വത്തിനു സന്യാസവുമായി അടുത്ത ബന്ധമുണ്ട്. രക്തസാക്ഷിത്വമെന്നതു ക്രിസ്തുവിനുവേണ്ടി ഒരുവന്റെ ജീവിതത്തെ ത്യജി

ക്കുന്ന ഒരു മാർഗ്ഗമാണ്. ഒരു രക്തസാക്ഷിക്കു ദീർഘനാളത്തേക്കുള്ള അച്ചടക്ക ജീവിതത്തെക്കുറിച്ചു വിചാരപ്പെടേണ്ടതില്ല. എന്നാൽ സന്യാസി ക്രിസ്തുവിനു വേണ്ടി ജീവിതസുഖങ്ങളെല്ലാം എന്നന്നേക്കുമായി പരിത്യജിച്ചു മരണം വരെയുള്ള അച്ചടക്ക ജീവിതത്തിന്റെ ക്രൂശ് സ്വയം പേറിക്കൊണ്ട് അനുദിനം ജീവിക്കുന്നു.

റോമക്കാരെ ചെറുക്കുന്നതിനു യഹൂദന്മാരുടെ ഇടയിൽ ഉടലെടുത്ത് ഒരു ആശയമാണ് രക്തസാക്ഷിത്വം. ദാനിയേൽ, ശദ്രക്ക്, മേശക്ക്, അബേദനഗോ എന്നിവരുടെ പീഡന ചരിത്രം അവർക്ക് ഉത്തേജനവും പ്രോത്സാഹനവും നല്കി. രക്തസാക്ഷികളായി മരിച്ചില്ലായെങ്കിലും അവരുടെ മതത്തിന്റെ വിശ്വാസാചാരങ്ങൾ പരിരക്ഷിക്കുന്നതിനു വേണ്ടി പ്രാണത്യാഗം ചെയ്യുന്നതുവരെയുള്ള പീഡനങ്ങൾ ഏൽക്കുവാൻ അവർ മുമ്പോട്ടു വന്നു. മത്തത്തിയാസും അഞ്ചു മക്കളും ഉൾപ്പെട്ട മക്കാബിയ കുടുംബം അന്തിയോക്കസ് എപ്പിഫാനസിന് എതിരായി നടത്തിയ കഠിന പോരാട്ടം യഹൂദ രക്തസാക്ഷിത്വത്തിന്റെ മകുടോദാഹരണമാണ്. ഇതേ സമയത്തു തന്നെ മർത്തശ്മൂനിയും ഏഴുമക്കളും യഹൂദ ന്യായ പ്രമാണ വിശ്വാസങ്ങൾക്കുവേണ്ടി രക്തസാക്ഷികളായി. രക്തസാക്ഷികളായിക്കൊണ്ടിരിക്കുന്ന ഓരോ മക്കളോടും അമ്മ പറഞ്ഞു കൊടുക്കുന്ന വാക്കുകൾ (2 മക്കാ: 7:1-42) രക്തസാക്ഷിത്വത്തിന്റെയും മരിച്ചവരുടെ പുനഃരുത്ഥാനത്തിന്റെയും വേദശാസ്ത്ര സത്യങ്ങളാണ്. മരണം അടുത്ത ലോകത്തിലേക്കുള്ള വാതിൽ മാത്രമാണെന്നു ഈ ലോക ജീവിതത്തിന്റെ ശുഭകരമായ തുടർച്ച ന്യായപ്രമാണത്തോടു നീതിയായി ജീവിച്ച് അതിനുവേണ്ടി മരിക്കുന്നവർക്കു ലഭിക്കുമെന്ന പ്രത്യാശയും (ദാനി 12:2) നല്കുന്നു. സന്യാസത്തിലെ സ്വയ പരിത്യാഗത്തിന്റെ ഉത്തേജനവും ഈ വിധമുള്ളു. എന്നാൽ ക്രിസ്തീയമായ ദൈവരാജ്യ സന്തോഷാനുഭവത്തിന്റെ പ്രത്യാശയാണ്.

രക്തത്താലുള്ള മാമ്മോദീസ്സാ (രക്തസാക്ഷി മരണം) യിൽ കൂടി ആദ്യം കടന്നുപോയ ക്രിസ്തീയ പടയാളിയാണു വി. സ്തേഫാനോസ്. പീഡനങ്ങൾ അവസാനിക്കുന്ന, കസ്തന്തീനോസ് ചക്രവർത്തിയുടെ കാലം വരെ അനേകർ ഈ മാർഗത്തിൽ ക്രിസ്തു ശിഷ്യന്മാരായി പൂർണത പ്രാപിച്ചു. എ.ഡി. 284-305 വരെ ഭരിച്ച ഡയോക്ളിഷൻ ചക്രവർത്തിയുടെ ക്രിസ്തീയ പീഡനമായിരുന്നു ഏറ്റവും കഠിനം. ക്രിസ്തീയാരാധനാസ്ഥലങ്ങളും, ക്രിസ്തീയ എഴുത്തുകളും നശിപ്പിക്കുകയും അനേകം വൈദികരെയും അവൈദികരെയും ദണ്ഡിപ്പിക്കുകയും കൊല്ലുകയും ചെയ്ത കാലഘട്ടം ക്രിസ്തീയ ചരിത്രത്തിൽ അവിസ്മരണീയമാണ്. തിന്മയുടെ കാലഘട്ടം (The Era of Evil) എന്നാണ് ക്രിസ്ത്യാനികൾ ഇതിനെ വിശേഷിപ്പിക്കുന്നത്. ഈജിപ്തിലും എത്യോപ്യയിലും സഭാ കലണ്ടർ ആരംഭിക്കുന്നത് ഡോയക്ളിഷന്റെ സിംഹാസനാരോഹണ കാലത്താണ് (284/285 എ.ഡി.)

രക്തസാക്ഷിത്വം ക്രിസ്ത്യാനികളുടെ സാധാരണ ജിവിതസംഭവമായിട്ടാണ് ഒറിഗൻ ഉത്ബോധിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ പിതാവിന് ഇതേ മാർഗ്ഗം പിൻ തുടരേണ്ടിവന്നപ്പോൾ രക്തസാക്ഷിത്വത്തെ സംബന്ധിച്ച പ്രബോധനത്തിൽ ഒറിഗൻ ഇതു സൂചിപ്പിച്ചു.

കുസ്തന്തീനോസ് ചക്രവർത്തിയുടെ കാലഘട്ടത്തോടെ ക്രിസ്തീയ രക്തസാക്ഷിത്വം താല്ക്കാലികമായി അവസാനിക്കുകയും യഥാർത്ഥ ക്രിസ്തീയ ശിഷ്യത്വത്തിന്റെ മുഖമുദ്രമായി സന്യാസ പ്രസ്ഥാനം നിലവിൽ വരുകയും ചെയ്തു. ഇതോടെ ഭരണാധികാരികൾ പീഡനത്തിന്റെ സ്ഥാനത്ത് രക്ഷാധികാരികളായി, രക്തസാക്ഷികളുടെ ദൈവരാജ്യ സാക്ഷ്യത്തിന്റെ ചുമതല സന്യാസി ഏറ്റെടുത്തു.

*(തുടരും........)*

കുയിലുകൾക്കു സ്വരം സൗന്ദര്യം, സ്ത്രീക്കു പാതിവ്രത്യം സൗന്ദര്യം,
ബ്രാഹ്മണർക്കു വിദ്യ സൗന്ദര്യം തപസ്വികൾക്ക് ക്ഷമ സൗന്ദര്യം എന്നറിക

*-നീതിസാരം*

ശരീരം കൊണ്ടും മനസ്സുകൊണ്ടും വചനംകൊണ്ടും സകല അസ്ഥികളിലും,
എല്ലാക്കാര്യത്തിലും എല്ലാവിടെയും എല്ലാ സുഖങ്ങളും ത്യജിക്കുന്നതാണ്
ബ്രഹ്മചര്യം, അതായത് ബ്രഹ്മത്തിൽ ചരിക്കുന്നത്.

# 1653 ലെ കൂനൻ കുരിശുസത്യം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭാഗത്തുനിന്നുള്ള പ്രതിപതനങ്ങൾ – 2

ഫാ. ഡോ. റ്റി. ഐ. വർഗീസ്

"ഇതൊക്കെയും കണ്ടു ബോധിച്ചാറെ കൂടപ്പെട്ട സുറിയാനിക്കാര് അശേഷവും മട്ടാഞ്ചേരി പള്ളിയിലും കമ്പോളത്തിലുമായി സ്വരൂപിച്ചുകൂടി ശുദ്ധ പാത്രിയർക്കീസിനെയും ഒട്ടും സംശയവും ദൈവഭയവും കൂടാതെ അറുകുല ചെയ്തു എന്ന ഈ പറങ്കികളോടു ഇനി നാം ചേരരുതെന്നും നമ്മുടെ അനന്തരവര കാലത്തിലും ഇവരുമായി ഇനി ചേർച്ചയും ഉപവിയും വേണ്ടാ എന്നും അപ്പോൾ റോമാ പഴക്കം ഫ്രാൻസിസ് മെത്രാനെ ഒരുനാളും എജമാനൻ എന്ന വിചാരിക്കുന്ന അല്ലെന്നും മേലിൽ ഇവരുടെ മേല്പട്ടക്കാരെ ആരേയും അനുസരിക്കുന്നതല്ലെന്നും മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ സ്താത്തിക്കോൻ പ്രകാരം തോമ്മാ അർക്കദിയാക്കോനെ എപ്പിസ്കോപ്പാ സ്ഥാനത്തിൽ വാഴിച്ച് നമ്മുടെ പുരാതനമായും കറകൂടാതെയുമുള്ള ക്രമങ്ങൾ പ്രകാരം നടക്കണമെന്നും നിശ്ചയിച്ചു. ആ വിവരത്തിന് ഒരു പടിയോലയും എഴുതി പിടിച്ചും കൊണ്ട് എല്ലാവരും കൂടെ ഏകമനസ്സോടും ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടും മേലെഴുതിയ ആണ്ട് മകര മാസം 3 ന് വെള്ളിയാഴ്ച നാൾ മട്ടാഞ്ചേരിയിൽ കൂനൻ കുരിശിങ്കൽ വല്യതിൽ ഒരു ആലാത്തു കെട്ടി കമ്പോളത്തിൽ ഇരുപുറത്തോട്ടും നീട്ടി കൂടപ്പെട്ട ജനങ്ങൾ അത്രപേരും ഈ കയറുമ്മേൽ പിടിച്ചുംകൊണ്ടും ഒന്നായിട്ട് ഏകസ്വരത്തോടും കൂടി മേൽപ്രകാരം വാചകം പറഞ്ഞു സത്യം ചെയ്തു പിരിഞ്ഞു".

"ഇതിന്റെ ശേഷം മട്ടാഞ്ചേരിയിൽ കൂടിയവരെല്ലാവരും തിരികെ ആലങ്ങാട്ട് പള്ളിയിൽ ചെന്ന് മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ സ്താത്തിക്കോൻ പ്രമാണിച്ച് തോമ്മാ അർക്കദിയാക്കോനെ മാർത്തോമ്മാ മെത്രാൻ എന്ന സ്ഥാനപ്പേരും കൊടുത്ത് വാഴിച്ചു. മേലിൽ മെത്രാന്റെ ആലോചനക്കാരായി കടുത്തുരുത്തിയിൽ കടവിൽ ചാണ്ടി കത്തനാരെയും അങ്കമാലിക്കര വെഞ്ഞൂർ ഗീവർഗീസ് കത്തനാരെയും കുറവിലങ്ങാട്ട് പള്ളി വീട്ടിൽ ചാണ്ടി കത്തനാരെയും കല്ലുച്ചേരിൽ ഇട്ടി തൊമ്മൻ കത്തനാരെയും നിശ്ചയിച്ചാക്കി. ഇവരുടെ ആലോചന പ്രകാരം സഭാ കാര്യങ്ങൾ മെത്രാൻ നടത്തിവന്നു..."

"കടുത്തുരുത്തിയിൽ വലിയ പള്ളി ഇടവകയിൽ പ്രമാണക്കാരനും മാർത്തോമ്മാ മെത്രാന്റെ ഒന്നാമത്തെ ആലോചനക്കാരനുമായ കടവിൽ ചാണ്ടി കത്തനാരും ആ ഇടവകക്കാരും മട്ടാഞ്ചേരിയിൽ വച്ചു എഴുതിയ പടിയോലയ്ക്കും ചെയ്ത സത്യത്തിനും കേവലം വിരോധമായി വടക്കുംകൂറ്റിൽ രാജാവിനെ ചെന്നു മുഖംകാണിച്ച് ഏതാനും ദ്രവ്യവും കൊടുത്തു അവിടെനിന്ന് ഒരു തിരുവെഴുത്തു വാങ്ങിച്ചു ആ തിരുവെഴുത്തുപ്രകാരം യൗസേപ്പ് മെത്രാനെ (കൊച്ചി) കോട്ടയിൽ നിന്ന് കൊണ്ടുപോയി കടുത്തുരുത്തിയിൽ വല്യപള്ളിയിൽ ഇരുത്തി. എന്നാൽ മേല്പടി ചാണ്ടി കത്തനാരുടെ മുഖാന്തിരം ആ എടവകക്കാരും അവരുടെ പാർശ്വക്കാരായ കുറവിലങ്ങാട്ടുകാരും അല്ലാതെ ശേഷം സുറിയാനിക്കാര് ആരും തന്നെ ആ മെത്രാനെ കൈക്കൊണ്ടില്ല".

"ഇങ്ങനെ ഇരിക്കുമ്പോൾ കടവിൽ ചാണ്ടി കത്തനാരും കൂട്ടരും കൂടി മാർത്തോമ്മാ മെത്രാന്റെ തറവാടായ പകലോമറ്റത്തുൾപ്പെട്ടതിൽ പനംകുഴ ചാണ്ടി കത്തനാരെ ഉപായേന വരുത്തി കൈക്കൂലി മുത

ലായത് കൊടുത്ത് ബന്ധനം വരുത്തിയും കൊണ്ടു 1663-ാം കാലം കുറവിലങ്ങാട്ടു പള്ളിയിൽ വച്ച് അയാൾക്ക് അലക്സന്ത്രിയോസെന്നു സ്ഥാനപ്പേരും കൊടുത്ത് മെത്രാനായിട്ട് ഈ യൗസേപ്പ് മെത്രാൻ വാഴിച്ചു". (ഇട്ടൂപ്പ് മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രം 1869 114-119)

4. 1907 ൽ ഇടവഴീക്കൽ ഫീലിപ്പോസ് എഴുതുമ്പോൾ ഈ വിധമാണ് സംഭവം വിവരിക്കുന്നത്.

"അഹ്ത്തുള്ള .. നിരവധി പീഡകൾ സഹിച്ചു വലഞ്ഞിരുന്ന തന്റെ സഭയെ റോമ്മായുടെ നുകത്തിൽ നിന്നു രക്ഷിക്കുന്നതിനായി ഇറങ്ങി പുറപ്പെട്ടിരുന്ന അന്ത്യോഖ്യയുടെ യാക്കോബായ പാത്രിയർക്കീസ് മാർ ഇഗ്നാത്തിയോസ് ആയിരുന്നു എന്ന് സുറിയാനി സഭ സദാ വിശ്വസിച്ചു വരുന്നുവെന്നുള്ളത് പ്രത്യേകം സ്മരണ്യമാകുന്നു. മയിലാപ്പൂരിൽ ബന്ധനസ്ഥനായി തടവിൽ പാർത്തിരുന്ന അവസരത്തിൽ വി. അപ്പോസ്തോലന്റെ കബറിടം സന്ദർശിക്കുന്നതിനായി അവിടെ എത്തിയിരുന്ന ഇട്ടി, കുര്യൻ എന്നീ രണ്ടു സുറിയാനി ശെമ്മാശൻമാരെ അദ്ദേഹം യാദൃശ്ചികമായി കാണാനിടയായി. സുറിയാനി സഭയുടെ താൽക്കാലിക സ്ഥിതിയും റോമാനുകത്തിൻ കീഴിൽ നിന്നൊഴിയുന്നതിനുള്ള പരിശ്രമങ്ങളും അവരിൽ നിന്നു ഗ്രഹിക്കയാൽ ശരിയായ അപ്പോസ്തോലിക കൈവെപ്പുമൂലം സ്ഥാനം സാധൂകരിക്കപ്പെടുന്നതുവരെ പട്ടം കൊടുക്കുക, വി. തൈലം കൂദാശ ചെയ്യുക മുതലായ സ്ഥാനോചിത ശുശ്രൂഷകൾ നടത്തരുതെന്നുള്ള പ്രത്യേക നിബന്ധനയോടുകൂടി താൽക്കാലിക മെത്രാനായി തോമ്മാ അർക്കദയാക്കോനെ നിയമിച്ചിരിക്കുന്നതായി അദ്ദേഹം ഒരു കല്പന പുറപ്പെടുവിച്ചു. .. അദ്ദേഹത്തെ ഗോവയിലേക്ക് കൊണ്ടുപോകുന്നതിനായി വിലങ്ങിട്ട് കൊച്ചിയിൽ കൊണ്ടുവന്നു. സുറിയാനി ക്രിസ്ത്യാനികൾ ഒരു സംഘമായി കൊച്ചി രാജാവിന്റെ സന്നിധിയിൽ ചെന്നു അവരുടെ മേലദ്ധ്യക്ഷന്റെ വിടുതലിനുവേണ്ടി പോർട്ടുഗീസുകാരുടെ അടുക്കൽ ശുപാർശ ചെയ്യുന്നതിന് അപേക്ഷിച്ചു. കൊച്ചിയിലെ രാജാവ് പോർട്ടുഗീസുകാരോട് വാദിച്ചുവെങ്കിലും അവരുടെ സംഭാവനകളാൽ മയങ്ങിപ്പോയി. എന്നാൽ നിവൃത്തിയുള്ള പക്ഷം ബലമായി ബാവയെ വിടുവിക്കണമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി അയ്യായിരം സുറിയാനിക്കാർ കൊച്ചി കോട്ടയിൽ പ്രവേശിക്കുന്നതിനു ശ്രമിച്ചു. കോട്ടയിലെ അധിപന്മാർ ഭയന്നു കോട്ടവാതിലുകൾ ബന്ധിച്ചു യുദ്ധോപകരണങ്ങളും സജ്ജീകരിച്ചു. ഇതിനോടിടയ്ക്കു രഹസ്യമായി അവർ അഹത്തുള്ളയെ കപ്പലിൽ കയറ്റി ഗോവയിലേക്കയച്ചു. അവിടെവച്ച് അദ്ദേഹത്തെ അഗ്നിയിൽ ഇട്ടു ദഹിപ്പിച്ചതായി ജാറി, പയോളി എന്നീ ലത്തീൻ ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു. അദ്ദേഹത്തിന്റെ കഴുത്തിൽ ഒരു ഭാരമേറിയ കല്ലു കെട്ടി സമുദ്രത്തിൽ മുക്കിക്കളഞ്ഞതായി ഒരു ശ്രുതി നാടെങ്ങും പ്രചരിച്ചു. ഇതുകേട്ടപ്പോൾ സുറിയാനിക്കാർക്കുണ്ടായ കോപത്തിനും മനോവേദനയ്ക്കും അതിരില്ലായിരുന്നു. അവരെല്ലാം മട്ടാഞ്ചേരിയിൽ കൂടി കൂനൻ കുരിശ് എന്ന അപരാഭിധാനത്താൽ സുപ്രസിദ്ധമായ വലിയ കൽകുരിശിൽ ഒരു കയറുകെട്ടിഅതിൻമേൽ പിടിച്ചുകൊണ്ടുതങ്ങളുടെ വന്ദ്യ പാത്രിയർക്കീസിനെ ഹിംസിച്ചവരായ ജെസ്വിത്ത് ബിഷപ്പിനെയും റോമാസഭയെയും ഇനി ഒരിക്കലും സ്വീകരിക്കുന്നതല്ലെന്ന് സത്യം ചെയ്തു. പ്രസ്തുത പ്രതിജ്ഞ ചെയ്തത് 1653 മകരം 3 ന് വെള്ളിയാഴ്ചയായിരുന്നു. പ്രതിജ്ഞയനുസരിച്ച് ഒരു ഉടമ്പടിയും അവർ എഴുതി. ഈ ബഹളം ആ സ്ഥലത്ത് മാത്രമല്ല ഉണ്ടായിരുന്നത്. അന്നത്തെ മഹാഇടവകയിൽ ഉണ്ടായിരുന്ന എല്ലാ പള്ളികളിലും കൂടി നാനൂറു പേർ നീക്കി ബാക്കിയുണ്ടായിരുന്ന സകല സുറിയാനി ക്രിസ്ത്യാനികളും റോമാനുകത്തെ എറിഞ്ഞു കളഞ്ഞു. കാലതാമസം കൂടാതെ സുറിയാനിക്കാരുടെ ഒരു പൊതുയോഗം ആലങ്ങാട്ടു പള്ളിയിൽ കൂടി അഹത്തുള്ളായുടെ കല്പനപ്രകാരം ആർക്കദിയോക്കനെ മാർതോമ്മാ എന്ന സ്ഥാനനാമധേയത്തോടുകൂടി മെത്രാനായി ആരോഹണം ചെയ്തു. മാർത്തോമ്മായുടെ അദ്ധ്യക്ഷതയിൽ നാല് അംഗങ്ങൾ ഉൾപ്പെട്ട ഒരു സംഘത്തെ തെരഞ്ഞെടുത്ത് താൽക്കാലിക ഭരണക്രമവും ഏർപ്പെടു

ത്തി. കടവിൽ ചാണ്ടി... ഇട്ടി തൊമ്മൻ... വേങ്ങൂർ ഗീവർഗീസ്... പള്ളിവീട്ടിൽ ചാണ്ടി ഇങ്ങനെ നാലു പട്ടക്കാരായിരുന്നു തിരഞ്ഞെടുക്കപ്പെട്ട സംഘാംഗങ്ങൾ". (ഇ.എം. ഫിലിപ്പോസ്, മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ സഭ 142-144)

5. പി.റ്റി. ഗീവർഗീസ് അല്ലെങ്കിൽ ആർച്ച് ബിഷപ്പ് ഈവാനിയോസ് 1907 നോടനുബന്ധിച്ചു എഴുതുമ്പോൾ സംഭവം ഈ വിധം രേഖപ്പെടുത്തിയിരിക്കുന്നു. (കേരളത്തിലെ റോമൻ കത്തോലിക്കാ സിറോ മലങ്കര റീത്തിന്റെ സ്ഥാപകനാണ് ഈവാനിയോസ്.)

"കേരളത്തിലെ സുറിയാനി സഭയുടെ അപേക്ഷാനുസരണം അലക്സന്ത്രിയായിലെ യാക്കോബായ പാത്രിയർക്കീസ് 1650 ൽ ഇൻഡ്യയിലേക്ക് അയച്ചതായ ഇഗ്നാത്തിയോസ് അഹത്തുള്ളായെ പോർട്ടുഗീസുകാരായ റോമൻ കത്തോലിക്കർ കൊലപ്പെടുത്തിയ അവസരത്തിൽ സുറിയാനി ക്രിസ്ത്യാനികൾ എല്ലാവരും ഏകീഭവിച്ചു കൊച്ചി മട്ടാഞ്ചേരിയിലുള്ള കൂനൻകുരിശിൻമേൽ പിടിച്ചുകൊണ്ട് തങ്ങൾ മേലാൽ പാപ്പായുടെ അധികാരത്തിനു കീഴ്പ്പെടുകയില്ലെന്നു സത്യം ചെയ്തു". (പി.റ്റി. ഗീവർഗീസ് , സുറിയാനി ക്രിസ്ത്യാനികൾ നെസ്റ്റോറിയർ ആയിരുന്നോ? 1907, റി പ്രിന്റ് 1994, പേജ് 85)

6. ഇട്ടി ദാനിയേലച്ചൻ 1945 ൽ എഴുതുമ്പോൾ കൂനൻ കുരിശുസംഭവം വിവരിച്ചിരിക്കുന്നത് ഈ വിധമാണ്.

"കൊച്ചിയിലെ മട്ടാഞ്ചേരിയിൽ കൂനൻ കുരിശിങ്കൽ കൂടിയ സുറിയാനിക്കാർ റോമൻ പാപ്പായുമായുള്ള സർവ്വവിധ അനുസരണവും ഉപേക്ഷിച്ചിരിക്കുന്നതായി പറഞ്ഞുകൊണ്ട് സത്യം ചെയ്തു. ഏകദേശം 2 ലക്ഷത്തോളം വരുന്ന ജനസംഖ്യയിൽ 400 പേർ ഒഴികെ ബാക്കിയുള്ളവരെല്ലാം റോമാക്കാരെ ഉപേക്ഷിച്ചു തങ്ങളുടെ മാതൃസഭയായ സുറിയാനിസഭയിലേക്ക് മടങ്ങി". (ഇട്ടി ദാനിയൽ ദ സിറിയൻ ചർച്ച് ഓഫ് മലബാർ 1945 പേജ് 33)

7. കെ. ഡേവിഡ് അച്ചനും പറയുന്നത് ഈ വിധം തന്നെ.

"തങ്ങളുടെ പിതാവിനെ പോർട്ടുഗീസുകാർ അപായപ്പെടുത്തിയെന്നു ഗ്രഹിച്ച സുറിയാനിക്കാർ .. മട്ടാഞ്ചേരി എന്ന സ്ഥലത്ത് റോമൻ ആർച്ച് ബിഷപ്പ് ഗാർസിയായിക്കെതിരായി കൂടി അവിടെ കൂനൻ കുരിശു എന്ന കൽകുരിശിൽ പാശബന്ധനം ചെയ്തു പിടിച്ചുകൊണ്ടു മേലാൽ റോമാമെത്രാന്മാരെ തങ്ങൾ അനുസരിക്കുകയില്ലെന്നും തങ്ങളുടെ സന്തതികളുള്ളകാലം കീഴ്വഴങ്ങുകയില്ലെന്നും, സത്യം ചെയ്തുകൊണ്ട് റോമാനുകം വലിച്ചെറിഞ്ഞു. അങ്ങനെ 55 കൊല്ലത്തെ ബാബിലോണ്യ പ്രവാസത്തിനുശേഷം മലങ്കരസഭ സ്വതന്ത്രയായി... 400 പേർ ഒഴികെ ബാക്കിയെല്ലാവരും സത്യസഭയിലേക്ക് തിരിച്ചുപോന്നു". (കെ. ഡേവിഡ് മലങ്കര സുറിയാനി സഭാ ചരിത്രം. 1949 പേജ് 62)

8. ഏറ്റവും ആധുനികമായ നിലപാട് ഇതേപ്പറ്റിയുള്ളത് വി. സി. സാമുവേലച്ചന്റെ ഗ്രന്ഥങ്ങളിൽ കൊടുത്തിരിക്കുന്നത് ഈ വിധം സംഗ്രഹിക്കാം.

"മലങ്കരസഭയെ പറ്റി പോർട്ടുഗീസുകാർ കണ്ട ഉദ്ദേശ്യം 1599 ലെ ഉദയംപേരൂർ സുന്നഹദോസു വഴി അവർ വിജയപൂർവം നേടിയെടുത്തു എങ്കിലും അതിനൊരു തിരിച്ചടിയുണ്ടായി. അതായിരുന്നു 1653 ലെ വിപ്ലവം. സുറിയാനി ക്രിസ്ത്യാനികൾ മിക്കവാറും ഒന്നടങ്കം പങ്കുകൊണ്ട് ആ സംഭവത്തെ എങ്ങനെയും നേരിടുവാൻ ഗാർസിയാ മുതലായ പോർട്ടുഗീസ് സഭാധികൃതരേക്കാളധികം റോം തന്നെ പരമാവധി പ്രവർത്തിച്ചു. അതുമൂലം സമുദായത്തിന്റെ ഭൂരിപക്ഷത്തെ റോമൻ കത്തോലിക്കാ സഭാബന്ധത്തിലേക്ക് തിരികെ വരുത്തുവാൻ സാധിച്ചു. എങ്കിലും ഗണ്യമായ മറ്റൊരുഭാഗം അതിനു കീഴ്വഴങ്ങിയില്ല. ആ വിഭാഗം അന്നത്തെ സാഹചര്യത്തിൽ ആപത്കരമെന്നു തന്നെ പറയാവുന്ന ആ നിലപാടിൽ ഒരു ദശകത്തിലധികം കഴിഞ്ഞശേഷം ക്രമേണയായി അന്ത്യോഖ്യൻ സുറിയാനി സഭയുമായുള്ള വേഴ്ചയിലേക്കു നീങ്ങി. ഇങ്ങനെ 17-ാം നൂറ്റാണ്ടിന്റെ മദ്ധ്യം വരെയും ഏകയായിരുന്ന മലങ്കര സുറിയാനി സഭ അതിനുശേഷം രണ്ടായി പിരിഞ്ഞു........"

*(തുടരും......)*

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
# പൗരസ്ത്യ കാതോലിക്കേറ്റ്

## പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ

## 1976 – 1983

### സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത ഭാഗങ്ങൾ

### (Codified and edited)

*(പരിശുദ്ധ സുന്നഹദോസ് നിശ്ചയങ്ങളിൽ നിന്ന് സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത ഭാഗങ്ങൾ അംഗീകാരത്തോടുകൂടി പ്രസിദ്ധപ്പെടുത്തണമെന്ന് പ.സുന്നഹദോസ് നിശ്ചയിച്ചതനുസരിച്ച് പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ കാലത്ത് 1976 മുതൽ നടത്തിയിട്ടുള്ള പ. സുന്നഹദോസുകളുടെ പ്രസക്ത നിശ്ചയങ്ങൾ സമാഹരിച്ച് പ്രകാശനം ചെയ്തിട്ടുള്ളവയാണ് ഇത്.)*

*(കഴിഞ്ഞ ലക്കം തുടർച്ച......)*

### V

#### 1978 ജൂലൈ സുന്നഹദോസ്

**1. വി. കുർബ്ബാനയും അക്രൈസ്തവരും, മദ്ധ്യസ്ഥപ്രാർത്ഥനയും**

1) ചില പള്ളികളിൽ അനുവദിക്കുന്ന പ്രകാരം വി. കുർബ്ബാനയ്ക്കിടയിൽ വിശ്വാസ പ്രമാണത്തിനുശേഷം പള്ളിയിൽ നില്ക്കുന്നതിനോ തിരി കത്തിച്ചുപിടിക്കുന്നതിനോ അക്രൈവസ്തവരെ അനുവദിക്കാവുന്നതല്ല.

2) വി. കുർബ്ബാനയിൽ വിശ്വാസ പ്രമാണത്തിനുശേഷം അക്രൈസ്തവരുടെ പേരുകൾ ഓർക്കുന്നതു ശരിയല്ല.

3) വി. കുർബ്ബാനയോടനുബന്ധിച്ച് ചില പള്ളികളിൽ നടത്തുന്ന വി. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന ആവശ്യമെങ്കിൽ കുക്കിലിയോന്റെ സമയത്തു നടത്താതെ വി. കുർബ്ബാനയ്ക്കു ശേഷം നടത്തുകയാണു വേണ്ടത്

**2. വിശ്വാസപ്രമാണം**

വിശ്വാസ പ്രമാണം എല്ലാവരുംകൂടി ഒരുമിച്ച് ഭംഗിയായും ഒരുപോലെയും ചൊല്ലാമെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്.

**3. വിടുതൽ ഗ്രൂപ്പ്**

വിടുതൽ ഗ്രൂപ്പ് എന്നറിയപ്പെടുന്ന പ്രസ്ഥാനത്തെ സംബന്ധിച്ചുള്ള സഭയുടെ നിലപാട് സഭാംഗങ്ങളെ അറിയിക്കത്തക്കവണ്ണം പ. സുന്നഹദോസ് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന അംഗീകരിച്ചു..

**വിടുതൽ പ്രസ്ഥാനം**

**സഭാംഗങ്ങളുടെ ശ്രദ്ധയ്ക്ക്**

പരിശുദ്ധാത്മദാനങ്ങളെപ്പറ്റി തെറ്റായ ഉപദേശങ്ങൾ സഭയ്ക്കു പുറത്തുമാത്രമല്ല അകത്തും കടന്നുവരുന്നതായി സുന്നഹദോസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ചും വിടുതൽ പ്രസ്ഥാനം എന്ന പേരിൽ അറിയപ്പെടുന്ന കൂട്ടങ്ങളുടെയും ഗ്രൂപ്പുകളുടെയും പ്രവർത്തനങ്ങളെയും ഉപദേശങ്ങളെയും പറ്റി പല പരാതികളും സുന്നഹദോസിനു ലഭിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് പ്രസ്ഥാനത്തിലെ പ്രധാന പ്രവർത്തകരെ നേരിൽ കണ്ട് സംസാരിച്ചശേഷം താഴെ പറയുന്ന കാര്യങ്ങൾ വാത്സല്യവാന്മാരായ സഭാമക്കളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തുന്നു.

പരിശുദ്ധ സുന്നഹദോസിന്റെ ചിന്തയിൽ പ്രധാന സ്ഥാനം നല്കുന്നത് സഭാമക്കളുടെ ആത്മീയ വളർച്ചയ്ക്കും ആരാധനാ ജീവിത

ത്തിനുമാണ്. പരിശുദ്ധ കൂദാശകളിൽക്കൂടെ ദൈവം തമ്പുരാന്റെ കൃപയും അനുഗ്രഹവും പ്രാപിച്ച്, സഭാമക്കളെല്ലാവരും ദൈവാനുരൂപികളായി വളർന്നുവരണമെന്നുള്ളതാണ് പ. സുന്നഹദോസിന്റെ ആഗ്രഹം. സഭയുടെ കെട്ടുപണിക്കും വിശ്വാസികളുടെ വളർച്ചയ്ക്കും വേണ്ടിയാണല്ലോ. പരിശുദ്ധാത്മാവ് തന്റെ ദാനങ്ങൾ സഭയിൽ ചൊരിയുന്നത്.

പരിശുദ്ധാത്മദാനങ്ങളെപ്പറ്റി വി. പൗലോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നത്, എല്ലാ ആത്മീയ നൽവരങ്ങളും പൊതുപ്രയോജനത്തിനുവേണ്ടിയും സഭയുടെ കെട്ടുപണിക്കുവേണ്ടിയുമുള്ളവയാണെന്നാണ് (1 കോരി. 13:7, 13:12). സഭയിൽ കുറേ പേരെമാത്രം വിടുതൽ പ്രാപിച്ചവരായി വേർതിരിച്ച് മറ്റുള്ള സഭാംഗങ്ങളുമായി ആത്മീയ സമ്പർക്കം വിച്ഛേദിക്കുക എന്നുള്ളത് പരിശുദ്ധാത്മ വ്യപാരത്തിനെതിരാണ്. അങ്ങനെ പ്രവർത്തിക്കുന്നവരുടെ ഉപദേശം നിരോധിക്കേണ്ടത് ആവശ്യവുമാണ്. റോമാലേഖനത്തിൽ പറയുന്നതുപോലെ (റോമർ 8:2) പാപത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിൽ നിന്ന് നമുക്ക് വിടുതൽ ലഭിക്കുന്നതിനായിട്ടാണല്ലോ പുത്രൻ തമ്പുരാൻ മനുഷ്യാവതാരം ചെയ്തതും ക്രൂശിൽ മരിച്ച് ഉയർത്തെഴുന്നേറ്റതും. വിടുതൽ, മോചനം, രക്ഷ എന്നീ വാക്കുകൾ മിക്കവാറും ഏകാർത്ഥമുള്ളവയാണ്.

ക്രിസ്തുവിനോടുകൂടെ മാമോദീസാമൂലം മരിച്ചുയർത്തെഴുന്നേറ്റവരാണ് സഭാമക്കളെല്ലാവരും. ആ പരിശുദ്ധ കൂദാശമൂലം പാപമോചനവും പാപത്തിൽ നിന്നും മരണത്തിൽനിന്നുമുള്ള വിടുതലും നിത്യജീവനും രക്ഷയും പ്രാപിക്കുന്നു. (റോമർ 6:7,8) മനുഷ്യൻ മാത്രമല്ല സൃഷ്ടി മുഴുവൻതന്നെയും ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നും വിടുതൽ പ്രാപിക്കുവാനുള്ളതാണ്. (റോമർ 8:20) പരിശുദ്ധ മാമോദീസായും പരിശുദ്ധ മൂറോനഭിഷേകവും മൂലം പാപമോചനവും പാപത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിൽ നിന്ന് വിടുതൽ പ്രാപിച്ചിട്ടുള്ള സഭാമക്കൾ വീണ്ടും പാപത്തിൽ വീഴുന്ന പക്ഷം ആ പാപത്തിന്റെ കെട്ടഴിച്ച് പാപമോചനം മൂലം വീണ്ടും വിടുതൽ കൊടുക്കുവാൻ സഭയ്ക്കുള്ള നൽവരം സഭയിൽ വ്യവസ്ഥാപിതരീതിയിൽ പട്ടം കൊടുത്തിട്ടുള്ള പുരോഹിതന്മാരിൽകൂടെയാണ് വ്യാപരിക്കുന്നത്. നമ്മുടെ കർത്താവ് പരിശുദ്ധ ശ്ലീഹന്മാരെ ഭരമേല്പിച്ചിട്ടുള്ള അധികാരമാണ് സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ. വിടുതൽ നല്കുവാനുള്ള ഈ അധികാരം സഭാമക്കൾ അനധികൃതമായി ഉപയോഗിച്ചുകൂടാ. ഈ അധികാരത്തെ നിഷേധിച്ചുകൊണ്ട് കർത്താവുമായി നേരിട്ടുള്ള ബന്ധം മൂലമാണ് വിടുതൽ ലഭിക്കുന്നതെന്നും വിടുതൽ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളിലും പ്രാർത്ഥനകളിലും കൂടെയാണ് ഈ വിടുതൽ അനുഭവപ്പെടുന്നതെന്നും ഒക്കെയുള്ള ഉപദേശം സഭയുടെ വിശ്വാസത്തിനെതിരാണ്. പൗരോഹിത്യ നൽവരത്തെ വിവേചിക്കാനോ, ചിലരുടെ പൗരോഹിത്യം ദൈവത്തിന് സ്വീകാര്യമെന്നും മറ്റു ചിലരുടേത് സ്വീകാര്യമല്ലെന്നും വിധിക്കുവാനോ സഭയിൽ ഒരു സംഘം ആളുകൾ ശ്രമിക്കുന്നതും വലിയ അബദ്ധമാണ്.

മാത്രമല്ല വിടുതൽ എന്നുള്ളത് പ്രധാനമായും പാപത്തിൽ നിന്നും മരണത്തിൽനിന്നുമുള്ള വിടുതലാണ്. ആ അർത്ഥത്തിൽ വിടുതൽ എന്നു പറയുന്നത് പാപമോചനവും നിത്യജീവൻ പ്രാപിക്കലുമാണ്. പരിശുദ്ധ മാമോദീസായിൽ കൂടെയും പ. മൂറോൻ അഭിഷേകം മൂലവും പ.കുർബ്ബാനാനുഭവം മൂലവും എല്ലാ വിശ്വാസികളും ഈ പാപമോചനവും നിത്യജീവനും പ്രാപിക്കുന്നവരാകുന്നു. ദൈവസന്നിധിയിൽ പ്രവേശിക്കുന്നതിൽ നിന്ന് വിശ്വാസികളെ തടയുന്നത് പാപം മാത്രമാണ്. ആ പാപത്തെ ഏറ്റു പറഞ്ഞ് മോചനം അല്ലെങ്കിൽ വിടുതൽ പ്രാപിക്കുന്നതിന് സഭയിൽ വ്യവസ്ഥാപിതമാർഗ്ഗങ്ങളുണ്ട്. വിശുദ്ധ കുമ്പസാരം അതിനുവേണ്ടിയുള്ളതാണ്. സഭയിൽ നിന്നും പട്ടംകെട്ടി പാപമോചനാധികാരം നല്കിയിട്ടുള്ള ആചാര്യന്മാരിൽകൂടെയാണ് പാപമോചനനൽവരമാകുന്ന വിടുതൽ ലഭിക്കുന്നത്.

ഈ വ്യവസ്ഥാപിത മാർഗ്ഗങ്ങളെ എല്ലാം മറികടന്ന് തങ്ങളുടേതാണ് വിടുതൽ പ്രാപിക്കുന്നതിനുള്ള മാർഗ്ഗം എന്ന് ശഠിക്കുന്ന ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുവാൻ സഭയ്ക്ക് സാദ്ധ്യമല്ല. സഭയിലെ പൗരോഹിത്യ നൽവരത്തെ ഔദ്ധത്യപൂർവ്വം വിവേചിച്ചുകൊണ്ട്

ചില പട്ടക്കാർ നേതൃത്വം നല്കുന്ന ആരാധനയിൽ സംബന്ധിക്കാം. മറ്റു ചില പട്ടക്കാർ നടത്തുന്ന ആരാധനയിൽ തങ്ങളുടെ അനുയായികൾ പങ്കെടുത്തുകൂടാ എന്ന് ഉപദേശിക്കുന്നത് വലിയ തെറ്റാണ്. നമ്മുടെ കർത്താവ് അപ്പോസ്തോലന്മാർ മുഖാന്തരം സഭയ്ക്കു നല്കിയിട്ടുള്ള പരിശുദ്ധാത്മ നൽവരത്തെ തുച്ഛമാക്കുന്ന നടപടിയാണിത്.

വേദപുസ്തകവായന, പ്രാർത്ഥന, ധ്യാനം മുതലായ കാര്യങ്ങളിൽ വിടുതൽ പ്രസ്ഥാനക്കാർ ജാഗ്രത കാണിക്കുന്നതിനെ പരിശുദ്ധ സുന്നഹദോസ് അഭിനന്ദിക്കുന്നു. അവരിൽ പലരും പതിവായി വി.കുർബ്ബാന അനുഭവിച്ചുകൊണ്ടിരിക്കുന്നതായി അറിയുന്നതിനും പ. സുന്നഹദോസ് സന്തോഷിക്കുന്നു. എന്നാൽ സഭയുടെ ക്രമീകരണപ്രകാരമുള്ള ആരാധനകൾ, കാനോനികനോമ്പുകൾ എന്നിവയുടെ അനുഷ്ഠാനത്തിൽ അവരിൽ പലരും അത്രതന്നെ ശ്രദ്ധ കാണിക്കുന്നതായി തോന്നുന്നില്ല. സഭയുടെ നിയമങ്ങളെക്കാൾ ഉപരിയായ സ്ഥാനം തങ്ങളുടെ സംഘത്തിന്റെ നിയമങ്ങൾക്ക് കൊടുക്കുന്നതായി കാണുന്നതിനെ പ. സുന്നഹോദസിന് അംഗീകരിക്കാൻ സാദ്ധ്യമല്ല. സഭയിലെ പിതാക്കന്മാരുടെ അധികാരത്തിന്നുപരിയായി തങ്ങളുടെ സംഘത്തിന്റെ നേതാക്കന്മാരുടെ അധികാരത്തിന് സ്ഥാനം കൊടുക്കുന്നതായി കാണുന്നതും തികച്ചും തെറ്റാണ്.

വിടുതൽകൂട്ടത്തിൽ പെട്ടില്ല എന്ന കാരണം കൊണ്ട് വിവാഹകൂദാശമൂലം സഭ അവിഭാജ്യമായി യോജിപ്പിച്ചിട്ടുള്ള ഭാര്യ-ഭർത്താക്കന്മാരേപ്പോലും അവർ അന്യോന്യം സംസർഗ്ഗത്തിൽ നിന്നും വേർപേടുത്തുന്നത് പരിശുദ്ധാത്മ നൽവരത്തിന്റെ അവഗണനയും ദൈവഹിതത്തിന് എതിരുമാണ്.

സഭയിലെ അംഗങ്ങളെ ആരെയെങ്കിലും വിടുതൽ പ്രാപിച്ചവരല്ല എന്നു വിധിച്ചു അവരുമായുള്ള ആത്മീയസംസർഗ്ഗം നിരോധിക്കുകയോ, നിഷേധിക്കുകയോ ചെയ്യുന്നതും വലിയ തെറ്റാണ്.

ഇങ്ങനെയുള്ള പല തെറ്റുകളും അവരുടെ ഉപദേശത്തിലുള്ളതുകൊണ്ട് സഭാമക്കൾ വിടുതൽ പ്രസ്ഥാനത്തെയും അതിന്റെ പ്രവർത്തനങ്ങളെയും, ഉപദേശങ്ങളെക്കുറിച്ച് വിവേചനാപൂർവ്വം വീക്ഷിക്കേണ്ടതാണെന്ന് പ. സുന്നഹദോസ് ഉദ്ബോധിപ്പിക്കുന്നു. വിടുതൽ സംഘങ്ങളിൽ കൂടി നടക്കുന്നവർ സഭയുടെ കാതോലിക ഉപദേശങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് വ്യവസ്ഥാപിത കൃപാമാർഗ്ഗങ്ങളിൽ കൂടെ തങ്ങളുടെ ക്രിസ്തീയ ജീവിതത്തെ ക്രമീകരിക്കണമെന്ന് പ. സുന്നഹദോസ് ഉപദേശിക്കുന്നു.

സഭാമക്കൾ ഓർത്തിരിക്കേണ്ട സുപ്രധാനമായ ഒരു കാര്യം, സഭാംഗങ്ങൾ ആരാധനയിൽ ഭക്തിപൂർവ്വം സംബന്ധിക്കാതെയും പള്ളികളുടെ പണം വെടിക്കെട്ട്, നാടകം, കഥാപ്രസംഗം മുതലായവയ്ക്കായി ധൂർത്തടിച്ചുകൊണ്ടും മദ്യപാനത്തിലും, അസാന്മാർഗ്ഗിക നടപടികളിലും നിരതരായി കാണപ്പെടുമ്പോഴാണ് ഇതുപോലെയുള്ള പ്രസ്ഥാനങ്ങൾ സഭയിൽ ഉണ്ടാകുന്നത്. അതുകൊണ്ട് സഭാമക്കളെല്ലാവരും സഭയിലുള്ള വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽകൂടെ ആത്മീയ പുതുക്കം പ്രാപിച്ച് ദൈവമക്കളായി ജീവിക്കുകയെന്നതാണ് ഇതുപോലുള്ള പ്രസ്ഥാനങ്ങളെ നിരുത്സാഹപ്പെടുത്താനുള്ള ഏറ്റവും ഉത്തമമാർഗ്ഗം.

(തുടരും...)

ഇരുകൈകളും ഉയർത്തി ഞാൻ നിലവിളിക്കുന്നു.
ആരും എന്നെ ശ്രവിക്കുന്നില്ല.
ധർമ്മത്തിൽ നിന്നാണ് അർത്ഥവും കാമവും ഉണ്ടാകുന്നത്
എന്നിട്ടും എന്തുകൊണ്ടാണ് ആരും ധർമ്മമനുഷ്ഠിക്കാത്തത്.

– മഹാഭാരതം

# മാർ അപ്രേമിന്റെ പ്രാർത്ഥനകൾ

## പ്രഭാത കീർത്തനം

സഭയുടെ മക്കളേ, പ്രഭാതത്തിൽ ദൈവത്തെ പുകഴ്ത്തുക. ദിവസേന പ്രഭാതത്തിൽ നമുക്ക് ഉത്ത മനായവനെ സ്തുതിക്കാം. പകലും രാത്രിയും ആകാശത്തിൽ പ്രകാശഗോളങ്ങളെ സജ്ജീകരിച്ചവനെ നമുക്ക് ആരാധിക്കാം.

നിശയുടെ മൂടുപടം നീങ്ങുകയും ദൈവത്തിന്റെ പ്രകാശം സൃഷ്ടിയുടെമേൽ തിളങ്ങുകയും ചെയ്യു മ്പോൾ, ഉറങ്ങുന്നവരെ പ്രഭാതം ഉണർത്തുന്നു. കർത്താവേ, അവിടുത്തെ പ്രകാശം ഞങ്ങളുടെ ഹൃദയ ങ്ങളെ ജ്വലിപ്പിക്കട്ടെ.

ഞങ്ങളുടെ കർത്താവേ, അങ്ങയെ സ്തുതിക്കാൻ ഞങ്ങളെ പഠിപ്പിച്ചാലും! ഞങ്ങളുടെ ആത്മാ ക്കളിൽ ജീവൻ നിവേശിപ്പിക്കണമേ.

ഞങ്ങളെ ഇരുട്ടിൽനിന്നു നയിച്ച അവിടുന്നുതന്നെ ഗഹന്നയിൽ നിന്നു ഞങ്ങളെ വിടുവിക്കണമേ!

സഭയിൽ അങ്ങയോടൊട്ടി നിൽക്കുന്ന കുട്ടികളെ അവിടുത്തെ കരുണയാൽ പരിപോഷിപ്പിക്കണ മേ. പ്രഭാതത്തിന്റെയും പ്രദോഷത്തിന്റെയും കർത്താവേ! അവിടുത്തെ ദയാർദ്രസ്നേഹം ഞങ്ങളുടെ സഹായിയായി ഇരിക്കണമേ.

കർത്താവേ, അവിടുത്തെ കൃപ ഞങ്ങളെ അനുയാത്രചെയ്തു മഹത്തായ പ്രഭാതത്തിലേക്ക് ഞങ്ങളെ നയിക്കട്ടെ! ഉദാരമായ അവിടുത്തെ വലതുകരം ഞങ്ങളിൽ അനുഗ്രഹങ്ങൾ വർഷിക്കുകയും അഗ്നിസമുദ്രത്തിലൂടെ ഞങ്ങളെ കടത്തിവിടുകയും ചെയ്യണമേ.

സ്വർഗ്ഗവും ഭൂമിയും അവയിലുള്ളവരെല്ലാം കൂട്ടായി ഞങ്ങളുടെ തിരിച്ചുവരവിൽ അങ്ങയെ സ്തുതി ക്കട്ടെ. ഞങ്ങൾ ആരാധിക്കുന്ന പിതാവിനും അവിടുത്തെ ഏകജാതനായ പുത്രനും പരിശുദ്ധാത്മാ വിനും ഞങ്ങൾ മഹത്ത്വം കരേറ്റുന്നു.

## സായാഹ്ന സ്തുതിപ്പ്

എല്ലാ മനുഷ്യരും ദിവസേന സായാഹ്നത്തിൽ അങ്ങയെ സ്തുതിക്കട്ടെ! പോഷകാഹാരത്തിന് അദ്ധ്വാനിക്കാൻ അങ്ങ് അവർക്കു പകലിനെ നല്കി. ഇപ്പോൾ ഭാരിച്ച അദ്ധ്വാനം കഴിഞ്ഞ് പരിക്ഷീണ രായ അവർ വിശ്രമത്തിനായി അങ്ങയോട് നന്ദി പറയുന്നു.

ഇത്രയധികം സ്നേഹത്തോടെ മനുഷ്യരായ ഞങ്ങളെ കരുതുന്ന അങ്ങയെ ആരാധിക്കാൻ കഴി യാത്തവർ ആരുണ്ട്? അവിടുന്നു നക്ഷത്രങ്ങളെ വിളിച്ചാക്കി. സന്ധ്യ സമീപിക്കുന്നതോടെ പക ലത്തെ അദ്ധ്വാനങ്ങൾ അവസാനിക്കുന്നു.

സന്ധ്യയായി, പട്ടിണിയും ദാഹത്തിനുമെതിരായി അദ്ധ്വാനിച്ചു പരിക്ഷീണരായ മനുഷ്യരെ സന്ധ്യ സാന്ത്വനിപ്പിക്കുന്നു. സന്ധ്യ ലോകത്തെയും അദ്ധ്വാനികളെയും ആഹ്ലാദിപ്പിക്കുന്നു.

അവിടുത്തെ മാഹാത്മ്യം അനുഗൃഹീതം! അവിടുന്ന് ആരംഭം മുതൽ മനുഷ്യരായ ഞങ്ങളെപ്പറ്റി കരുതൽ പ്രദർശിപ്പിച്ചുവല്ലോ.

കർത്താവേ, സഭയുടെ മക്കളെ സാത്താനിൽ നിന്നും അവന്റെ യോദ്ധാക്കളിൽ നിന്നും സംരക്ഷി ക്കുന്ന –സഭയുടെ മുദ്രയായ – അവിടുത്തെ കുരിശ് രക്തംകൊണ്ട് അവിടുന്നു വീണ്ടെടുത്ത ആടു കൾക്ക് ആശ്വാസമണയ്ക്കേണമെ!

കർത്താവേ! പ്രപഞ്ചത്തിന്റെ അറ്റത്തോളം അങ്ങുസമാധാനത്തെ അയയ്ക്കണേ. ദുഷ്ടൻ ഞങ്ങ ളുടെയിടയിൽ നിന്ന് ഓടിമാറട്ടെ!

എല്ലാ നാവും എല്ലാ വായും ഭൂമിയുടെ അറ്റങ്ങളിൽ നിന്നുപോലും അങ്ങയെ സ്തുതിക്കുന്നു.

കർത്താവേ! അവരോടൊന്നിച്ച് ഞങ്ങളും അവിടുത്തേക്കും, പിതാവിനും പരിശുദ്ധാത്മാവിനും മഹത്ത്വം കരേറ്റുന്നു.

# രാഷ്ട്രീയ രംഗത്ത് സഭയുടെ ഭാഗഭാഗിത്വം – 2

## ഇന്ത്യൻ വർഗ്ഗീയ രാഷ്ട്രീയം – സഭയ്ക്കൊരു വെല്ലുവിളി

വെരി.റവ. പി.യു. കുര്യാക്കോസ് കോറെപ്പിസ്കോപ്പ

വർഗ്ഗീയതയുടേയും സാമുദായിക ചേരിതിരിവുകളുടേയും നീരാളിപ്പിടുത്തത്തിൽ അമർന്നുപോയ ഇന്ത്യൻ രാഷ്ട്രീയ മേഖലയുടെ സ്ഫോടനാത്മകമായ സ്ഥിതി വിശേഷം ആരേയും അമ്പരപ്പിക്കുന്നതാണ്. മത നിരപേക്ഷ ജനാധിപത്യ സ്വഭാവമുൾക്കൊള്ളുന്ന ഒരു ഭരണഘടന സ്വായത്തമാക്കിയ ഇന്ത്യയുടെ രാഷ്ട്രീയ മണ്ഡലത്തിൽ വർഗ്ഗീയ സാമുദായിക വാദം ഇന്നത്തെ ഒരു സജീവ പ്രശ്നമാണ്. ഭാഷ, മതം, ജാതി, ആചാരാനുഷ്ഠാനങ്ങൾ എന്നിവയുടെ കാര്യത്തിൽ അനന്യസാധാരണമായ വൈവിധ്യം പുലർത്തുന്ന ഇന്ത്യയെ ഒരു രാഷ്ട്രമെന്നതിനേക്കാൾ അനേക രാഷ്ട്രങ്ങളുടെ സഞ്ചിത സമൂഹമായി കാണാനാണ് ചരിത്രകാരന്മാർ ഇഷ്ടപ്പെടുന്നത്. എന്നാൽ ജവഹർലാൽ നെഹ്റു "ഇന്ത്യയെ കണ്ടെത്തൽ" എന്ന വിഖ്യാതമായ ഗ്രന്ഥത്തിൽ ഈ നാനാത്വത്തിലും ഏകത്വം ദർശിക്കുന്നു. വൈരുദ്ധ്യാത്മകതയ്ക്ക് പിന്നിലെ സാംസ്കാരിക ഐക്യം ശ്രദ്ധേയമാണ്. ഈ ഐക്യ ബോധമാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ കാതൽ.

ഇന്നത്തെ രാഷ്ട്രീയാന്തരീക്ഷത്തിൽ ദൃശ്യമാകുന്ന സാമുദായിക ചേരിതിരിവുകളും വർഗ്ഗീയ സംഘട്ടനങ്ങളും ജനാധിപത്യ വിശ്വാസികളേയും വിശാലഹൃദയരേയും വേദനിപ്പിക്കുന്ന ഒന്നാണ്. സ്വന്തം അവകാശങ്ങൾക്കും താല്പര്യങ്ങൾക്കും വേണ്ടി മാത്രം ഓരോ വിഭാഗവും തെരുവിലിറങ്ങുന്നത് ജനങ്ങളിൽ വർഗ്ഗീയ ബോധം വളർത്താനേ ഉപകരിക്കൂ. ഇന്ന് സാമുദായിക വിഭാഗങ്ങൾ തങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കുന്നവാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമായി രാഷ്ട്രീയാധികാരത്തെ കാണുന്നു. സ്വാതന്ത്ര്യ പ്രാപ്തിയ്ക്കു ശേഷം ചില സമുദായങ്ങൾക്ക് ഗവൺമെന്റുകളിൽ കൂടുതൽ സ്വാധീനം നേടാൻ കഴിഞ്ഞു. ചില സമുദായങ്ങൾ പിന്നോക്കം തള്ളപ്പെട്ടു. ഇതാണ് സാമുദായിക രാഷ്ട്രീയ സംഘടനകൾ ഉദയം ചെയ്യുവാനുണ്ടായ പശ്ചാത്തലം. ഇന്ന് ഏത് രാഷ്ട്രീയ പാർട്ടിയായാലും ശരി, സ്ഥാനാർത്ഥിയെ നിശ്ചയിക്കുന്നതും, സ്ഥാനാർത്ഥിയുടെ നിയോജകമണ്ഡലം നിജപ്പെടുത്തുന്നതും മന്ത്രിയാക്കുന്നതും എല്ലാം സാമുദായികാടിസ്ഥാനത്തിലാണ്. ഇന്ത്യയിലെ ഏറ്റവും പ്രബുദ്ധരായ ജനതയുടെ ആസ്ഥാനമായ കേരളത്തിലെ രാഷ്ട്രീയം ഈ യാഥാർത്ഥ്യത്തിലേക്കു വിരൽ ചൂണ്ടുന്നു. കേരളത്തിലെ മിക്ക രാഷ്ട്രീയ പാർട്ടികളും ഏതെങ്കിലും മതവിഭാഗത്തെ പ്രതിനിധാനം ചെയ്യുന്നവയാണ്. അല്ലാത്തവയാകട്ടെ സ്വന്തം നിലനിൽപ്പിനുവേണ്ടി ഈ കക്ഷികളെ ആശ്രയിക്കുന്നു.

സോഷ്യലിസമാണ് നമ്മുടെ രാഷ്ട്രീയ പാർട്ടിയുടെയെല്ലാം താത്വികാടിസ്ഥാനമെന്നു പറയാമെങ്കിലും കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ വർഗ്ഗീയതയുടെ സ്വാധീനം എല്ലാ പാർട്ടികളിലും ദൃശ്യമാണ്. അപ്പോൾ ദ്വിമുഖജീവികളാണ് ഇവിടുത്തെ രാഷ്ട്രീയ പാർട്ടികൾ. ഏതു മൂല്യത്തേയും നിഷേധിച്ച് സ്വാർത്ഥലാഭം നേടാൻ വേണ്ടി ജനാധിപത്യ ആശയങ്ങളോ ഭൗതികവാദമോ ഉയർത്തിപ്പിടിയ്ക്കും. അതേ സ്വാർത്ഥലക്ഷ്യത്തിനുവേണ്ടിത്തന്നെ ആവശ്യാനുസരണം വർഗ്ഗീയതയെ ആശ്രയിക്കുകയും ചെയ്യും. പാർട്ടി ഭേദമെന്യെ എല്ലാ പാർട്ടികളിലുമുണ്ട് വർഗ്ഗീയവാദികൾ. പാർട്ടികൾ ഉയർത്തിപ്പിടിക്കുന്ന മൂല്യ

ങ്ങൾ ജാതിയുടെ പേരിൽ ഇക്കൂട്ടർ നിഷേധിക്കുന്നു. അങ്ങിനെ ആശയതലത്തിലുള്ള ഇരട്ടത്താപ്പു പ്രായോഗികതലത്തിലും ദൃശ്യമാകുന്നു. അതുകൊണ്ട് ഏതെങ്കിലും വ്യക്തമായ ഉദ്ദേശങ്ങൾ നമ്മുടെ രാഷ്ട്രീയത്തിനില്ലാതെ പോയി. എല്ലാ വിഭാഗീയ താല്പര്യങ്ങളും വെടിഞ്ഞ് രാജ്യത്തിന്റെയും ജനങ്ങളുടെയും പൊതുവായ ലക്ഷ്യപ്രാപ്തിക്കുവേണ്ടി സഹകരണത്തിന്റെയും സഹിഷ്ണതയുടെയും അന്തരീക്ഷത്തിൽ ഒത്തൊരുമിച്ച് പ്രവർത്തിയ്ക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

രാഷ്ട്രീയ പരാധീനതകളുടെ നടുവിൽ പ്രവർത്തിച്ച യേശുക്രിസ്തു യെഹൂദർക്കു നല്കിയത് രാഷ്ട്രീയത്തിനതീതവും, കാലദേശങ്ങളുടെ ഇടുങ്ങിയ ചട്ടക്കൂട്ടിലൊതുങ്ങാത്തതുമായ സമഗ്രവിമോചന സന്ദേശമായിരുന്നു. ബൈബിളിന്റെ അന്തസത്തയും മറ്റൊന്നല്ല. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധവും, അവരുടെ ദൈവത്തോടുള്ള ബന്ധവുമാണത്. അതൊരിയ്ക്കലും നിയമബന്ധിതമല്ല, മറിച്ച് ആന്തരീക പരിവർത്തനമാണ് അഥവാ ആന്തരീക നിയമമാണതിന്റെ കാതൽ. നീതിയിൽ അധിഷ്ഠിതമായ സമാധാനം കൈവരിക്കുവാൻ കെൽപ്പുള്ള രാഷ്ട്രീയ വ്യവസ്ഥിതിയോടാണ് ബൈബിളിന് ആഭിമുഖ്യമുള്ളത് എന്ന് വ്യക്തമാണ്. ബൈബിളിലെ ദൈവം നീതിയുടെ ദൈവമാണ്. മർദ്ദിതർക്കും പീഡിതർക്കും ന്യായം നടത്തികൊടുക്കുന്ന വിമോചകനായ ദൈവമാണ്. അതിനാൽ ഏതു വ്യവസ്ഥിതിയാണോ മനുഷ്യനെ വിവിധതട്ടുകളാക്കി അസമത്വവും ഉച്ചനീചത്വങ്ങളും അടിച്ചേൽപ്പിക്കുന്നത്; ഏതു വ്യവസ്ഥിതിയാണോ ചൂഷണത്തേയും സാമ്പത്തിക ക്രമക്കേടുകളെ താലോലിക്കുകയും മർദ്ദിത വർഗ്ഗത്തെ സൃഷ്ടിക്കുകയും ചെയ്യുന്നത്; ഏതു വ്യവസ്ഥിതിയാണോ മനുഷ്യാവകാശങ്ങൾ നിഷേധിക്കുകയും വ്യക്തി സ്വാതന്ത്ര്യത്തെ വിലമതിയ്ക്കാതിരിക്കുകയും ചെയ്യുന്നത്. ആ വ്യവസ്ഥിതിയ്ക്കെതിരെ പ്രവാചക ശബ്ദമുയർത്തുവാൻ സഭ കടപ്പെട്ടിരിക്കുന്നു.

രാഷ്ട്രീയ സമീപനത്തിന്റെ അടിസ്ഥാനം ഈശ്വര വിശ്വാസമോ? നിരീശ്വരത്വമോ? ചൂഷണത്തിനും മനുഷ്യാവകാശലംഘനത്തിനും കൂട്ടുനിൽക്കുന്നവരുടെ ഈശ്വര വിശ്വാസമോ മനുഷ്യനുവേണ്ടി നിൽക്കുന്നവരുടെ നിരീശ്വരത്വമോ ഏതാണ് ക്രിസ്തീയം? കള്ളപ്പണക്കാരനും കള്ളവാറ്റുകാരനും വനം വെട്ടിപ്പിടിയ്ക്കുന്നവനും കൂട്ടുനിൽക്കുന്നതാണോ "ദൈവവിശ്വാസം"? അപ്രകാരമുള്ള വിശ്വാസിയേക്കാൾ കഷ്ടപ്പെടുന്ന മനുഷ്യനോട്താദാമ്യപ്പെടുന്ന അവിശ്വാസിയോടല്ലേ കൂടുതൽ അടുക്കാവുന്നത്?


നിരീശ്വരത്വും ഈശ്വര വിശ്വാസവും തമ്മിലുള്ള വിടവ് എടുത്തുകാട്ടി, ഈശ്വരവിശ്വാസികൾക്കുവേണ്ടി നിലകൊള്ളുമെന്ന് പറയുന്നത് രാഷ്ട്രീയമായ അപ്രയോഗികതയാണ് പ്രകടമാക്കുന്നത്. മനുഷ്യന്റെ മനുഷ്യാവകാശങ്ങളെ ഹനിച്ചുകൊണ്ട് വിശ്വാസികളും അവിശ്വാസികളുമെന്ന് ചില രാഷ്ട്രീയ അധികാരികൾ ഉന്നയിക്കുന്ന അന്യായമായ വിവേചനത്തെ സഭ പ്രതിഷേധിയ്ക്കേണ്ടതാണ്. രാഷ്ട്രീയ സമീപനത്തിൽ നിരീശ്വരത്വം ശരിയോ തെറ്റോ എന്നുള്ളതല്ല അടിസ്ഥാനപരമായ പ്രശ്നം. മനുഷ്യാവകാശങ്ങളെ കൈവരുത്തുന്നുവോ, നിഷേധിക്കുന്നുവോ എന്നുള്ളതാണ്. അതുപോലെ രാഷ്ട്രീയത്തിൽ കൂടി നടത്തുന്ന ചൂഷണത്തേയും സ്വാർത്ഥതാല്പര്യ സംരക്ഷണത്തേയും തിരിച്ചറിഞ്ഞ് അതിനോട് ക്രിയാത്മകമായി പ്രതികരിക്കുവാൻ സഭയ്ക്കു ബാദ്ധ്യതയുണ്ട് എന്നും നാം തിരിച്ചറിയണം.

(തുടരും.....)


**യാവനൊരുത്തൻ സൗഭാഗ്യമുള്ളവനായാലും**
**യൗവ്വനയുക്തനായാലും നല്ലവംശത്തിൽ ജനിച്ചവനായാലും**
**വിദ്യയില്ലാഞ്ഞാൽ ഗന്ധമില്ലാത്ത മുരുക്കിൻ പൂവുപോലെയെന്നറിക.**

**-നീതിസാരം**

# പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ



യാക്കോബ് മാർ പോളിക്കർപ്പോസ്
മെത്രാപ്പോലീത്ത
(25 – ാം ഓർമ്മ, ഡിസംബർ 6
കൊരട്ടി സെമിനാരി )



ദാനിയേൽ മാർ പീലക്സീനോസ്
മെത്രാപ്പോലീത്ത
(18 – ാം ഓർമ്മ, ഡിസംബർ 13
ബേസിൽ ദയറാ, പത്തനംതിട്ട )






The Official Organ of Kandanad West Diocese of Malankara Orthodox Syrian Church
Published by Rev. Fr. Dr. O.P. Varghese, Mar Pachomios Mount, Meempara, Puthencruz, Ernakulam - 682 308
Chief Editor: Rev. Fr. Jose Thomas Poovathumkal, Printed at Printa Multicolor Offset Press, Kolenchery